Reg: No K. 31

തൊഴിലാളി

Founder: Father Vadakkan : : Managing Editor B. Wellington B. A.

'തൊഴിലാളി' വാർഷിക നിരക്ക്
വരിസംഖ്യ മുൻകൂർ

	പോസ്റ്റേജ്	പോസ്റ്റേജ്
ഒരു കൊല്ലത്തേയ്ക്ക്	27.00	6.00
6 മാസത്തേയ്ക്ക്	13.50	3.00
1 മാസത്തേയ്ക്ക്	2.25	1.50
എജൻമാർവഴി ഒരു മാസത്തേയ്ക്ക്		2.10
വാരന്തപ്പതിപ്പ് ഓരോന്ന്		0.10
ഒറ്റപ്രതി	0.07	0.10

മാനേജർ.

വ്യസ്കം 12 | ലക്കം 107 | 1965 ഏപ്രിൽ 23 വെള്ളി തൃശ്ശൂർ | വില 7 പൈസ | പേജ് 4

അമേരിക്കയുടെ അണുപരീക്ഷണം

എ എഫ് പി വാഷിംഗ്ടൻ, ഏ. 22

ഈ വർഷാരംഭത്തിനുശേഷം അമേരിക്ക അതിന്റെ എട്ടാമത്തെ ഭൂഗർഭ അണുപരീക്ഷണം ഇന്നലെ നടത്തി. നെവാഡ്യയിലെ പരീക്ഷണകേന്ദ്രത്തിൽ വെച്ചാണ് ഇതു നടന്നതു്.

ഇന്ത്യക്കു് 10270 ലക്ഷം ഡോളർ

ശാസ്ത്രിയുടെ സന്ദർശനത്തെപ്പറ്റി ജോൺസന്റെ ആശ

[റോയിട്ടർ] വാഷിംഗ്ടൺ, ഏ 22

ഇന്ത്യൻ പ്രധാനമന്ത്രി ലാൽ ബഹദൂർ ശാസ്ത്രിയും, പാക്ക് പ്രസിഡണ്ടു് അയൂബ്ഖാനും അവരുടെ നാട്ടി വെക്കപ്പെട്ട അമേരിക്കാ സന്ദർശനം വേനൽ കാലത്തു്നടത്തുമെന്നു് പ്രസിഡണ്ടു് ജോൺസൺ ആശിക്കുന്നതായി ഒരു വൈറ്റ് ഹൌസ് വക്താവ് പ്രസ്താവിച്ചു.

സന്ദർശനം നീട്ടിവെക്കണമെന്നു് ഈ രണ്ടു് ഏഷ്യൻ നേതാക്കളോടു് പ്രസിഡണ്ടു് ജോൺസൺ ചെയ്ത അഭ്യർത്ഥന പ്രത്യേകിച്ചു് ഇന്ത്യയിൽ ഉളവാക്കിയിട്ടുള്ള രോഷാകുലമായ പ്രത്യാഘാതങ്ങളെപ്പറ്റി ചോദിച്ച സന്ദർത്തിലാണു് വക്താവ് ഈ പ്രസ്താവന ചെയ്തു. വടക്കൻ വിയറ്റ്നാമിന്റെ നേരെയുള്ള അമേരിക്കൻ ബോമ്പാക്രമണത്തിൽ ഇന്ത്യ പ്രതിഷേധിച്ചതുകൊണ്ടാണു് ശാസ്ത്രിയുടെ സന്ദർശനം നീട്ടിവെക്കണമെന്നുള്ള അഭ്യർത്ഥന ഉണ്ടായതെന്ന അനുമാനത്തെ വക്താവ് തള്ളിക്കളഞ്ഞു.

....

ചൈന തള്ളിക്കളഞ്ഞു

ചേരിയില്ലാ രാഷ്ട്രങ്ങളുടെ അഭ്യർത്ഥന

(റോയിട്ടർ) പീക്കിങ്ങ് ഏ. 22

മൻവ്യവസ്ഥകളൊന്നും കൂടാതെ വിയറ്റ്നാം പ്രശ്നത്തിൽ കൂടിയാലോചനകൾ നടത്തണമെന്നുള്ള 17 ചേരിയില്ലാ രാഷ്ട്രങ്ങളുടെ അഭ്യർത്ഥന ചൈന ഇന്നു് തള്ളിക്കളഞ്ഞു.

ഏപ്രിൽ ഒന്നിനു് പെട്ടെന്നു ബെൽഗ്രേഡിൽനിന്നു പൊതിവന്നതാണു് ഈ അഭ്യർത്ഥനയെന്നു് പീപ്പിൾസ് ഡെയിലി പ്രസ്താവിച്ചിരിക്കുന്നു. ഈ അഭ്യർത്ഥന ആക്രമണകാരികളേയും, ആക്രമണത്തിനു വിധേയരായവരേയും തിരിച്ചറിയുവാൻ കഴിയാത്ത കണ്ണടയാണെന്നു് പത്രം ഒരു മുഖപ്രസംഗത്തിൽ പറഞ്ഞു.

മൂന്നാംപദ്ധതിയുടെ അവസാനവർഷത്തേയ്ക്കു് ഇന്ത്യാ സഹായക്ലബ്ബിന്റെ സഹായം

അമേരിക്കയുടെ 4350 ലക്ഷം ഡോളർ നല്കുന്നു

(പി. ടി. ഐ.) വാഷിംഗ്ടൺ, ഏ. 22

ഇന്ത്യയുടെ മൂന്നാംപഞ്ചവത്സരപദ്ധതിയുടെ 5-ാം വർഷത്തേക്കായി 10270 ലക്ഷം ഡോളർ സഹായം നല്കുവാൻ ഇന്ത്യാ സഹായ കൺസോട്ടിയം ഇന്നു് തീരുമാനമെടുത്തു.

ഇതുയും സഹായം വാഗ്ദത്തം ചെയ്തിട്ടുള്ളതു് പതു വ്യവസായികരാഷ്ട്രങ്ങളെ ഉൾപ്പെടുത്തുന്ന ഒരു കൺസോർട്ടിയമാണു്. അമേരിക്കമാത്രം 4350 ലക്ഷം ഡോളർ സഹായം നൽകാമെന്നേറ്റിട്ടുണ്ടു്. ഇന്ത്യാ സഹായക്ലബ്ബിന്റെ ഇന്നലെകൂടിയ സമ്മേളനമാണു് ഈ തീരുമാനമെടുത്തതു്. സഹായത്തിന്റെ മൂന്നിൽ രണ്ടുഭാഗവും ഗ്രാൻകളും മുങ്ങിയ പലിശയിനത്തിലുള്ള വായ്പകളുമായിരിക്കും. വായ്പകളും 25 കൊല്ലംകൊണ്ടു് അടച്ചുതീർത്താൽ മതി. അതാണു് ഇപ്പോഴത്തെ സഹായത്തിനുള്ള ഒരു പ്രത്യേകത.

മൂന്നാംപദ്ധതിക്കു് 54600 ലക്ഷം ഡോളറിന്റെ വിദേശസഹായം വേണ്ടിവരുമെന്നു് ഇന്ത്യ കണക്കാക്കി. ഇപ്പോൾ വാഗ്ദത്തം ചെയ്തിട്ടുള്ള സഹായത്തോടുകൂടി കൺസോർട്ടിയം കഴിഞ്ഞ 5 കൊല്ലമായി നല്കിപ്പോന്ന സഹായത്തിന്റെ മൊത്തം തുക 54720 ലക്ഷം ഡോളറായി.

ഇന്ത്യയുടെ മേന്മകൊണ്ടുകൊടുക്കുന്നതിനുള്ള പുരോഗതിയുണ്ടാകുമെന്ന അനുമാനത്തിന്റെ അടിസ്ഥാനത്തിലാണു് ഈ സഹായം നൽകുന്നതെന്നു് കൺസോർട്ടിയത്തിന്റെ ഒരു പ്രസ്താവനയിൽ പറയുന്നു. താഷ്കെന്റുതർക്കത്തിലാണു് സഹായവാഗ്ദാനം ഉണ്ടായിട്ടുള്ളതു്.

ആസ്ത്രേലിയ 50 ലക്ഷം ഡോളർ, ബെൽജിയം 40 ലക്ഷം ഡോളർ, ബ്രിട്ടൻ 840 ലക്ഷം ഡോളർ, കാനഡ 410 ലക്ഷം ഡോളർ, ഫ്രാൻസ് 200 ലക്ഷം ഡോളർ, ജർമ്മനി 860 ലക്ഷം ഡോളർ, ഇറാലി 360 ലക്ഷം ഡോളർ, ജപ്പാൻ 600ലക്ഷം ഡോളർ, നെതർലാണ്ട്സ് 110 ലക്ഷം ഡോളർ, അമേരിക്ക 4350 ലക്ഷം ഡോളർ, ലോകബാങ്കും അതിന്റെ അന്താരാഷ്ട്രീയ വികസനസംഘവും കൂടി 2450 ലക്ഷം ഡോളർ.

സഹായത്തിന്റെ ഗണ്യമായ ഒരു ഭാഗം പലിശനിക്കല്ലാത്ത സഹായത്തിനു് നീക്കിവെക്കണമെന്നുള്ളതു് അതിപ്രധാനമാണെന്നു് കൺസോട്ടിയം അംഗങ്ങൾ കരുതുന്നു. ഇന്ത്യയുടെ സാമ്പത്തിക നിലനില്പിനു് ആവശ്യമായ സാധനങ്ങളുടെ ഇറക്കുമതിക്രമീകരിക്കുന്നതിനു് ആ സംഖ്യ പ്രയോജനപ്പെടുത്തുന്നതാണു്.

.....

സുബേദാർ പിള്ളയ്ക്കു് ജീവിച്ചതു് മതി!

(പി. ടി. ഐ) മധുര ഏ. 22

തുത്തുക്കുടി എക്സ്പ്രസിൽ മദിരാശിയിലേക്കു് യാത്രചെയ്തിരുന്ന ഒരു സൈനിക ഓഫീസറും സുബേദാർ ഗ്രൊവിന്ദപിള്ള [തിരുവനന്തപുരം] ആത്മഹത്യചെയ്തിരിക്കുന്നു.

തന്റെ അവുധിക്കശേഷം ഹെഡ് ക്വോർട്ടേഴ്സായ മദിരാശിയിലേയ്ക്കു് സുബേദാർപിള്ള മടങ്ങുകയായിരുന്നുവെന്നു് പോലീസ് പറഞ്ഞു. തീവണ്ടി ഡിണ്ടിഗലിനോടു് അടുക്കാറായപ്പോൾ അയാൾ കക്കൂസുമുറിയിൽ പ്രവേശിച്ചു് അകത്തുനിന്നു കതക് ബന്ധിക്കുകയും കത്തികൊണ്ടു് കഴുത്തും വയറും അറുത്തു ആത്മഹത്യചെയ്യുകയും ചെയ്തു. അനേകം സമയം കഴിഞ്ഞിട്ടും ഇയ്യാൾ കക്കൂസുമുറിയിൽനിന്നും പുറത്തു വരുന്നതു കാണായപ്പോൾ മാറ്റു യാത്രക്കാർ ഡിണ്ടിഗലുള്ള റെയിൽവെ അധികൃതരെ റിപ്പോർട്ടുചെയ്തു. പോലീസിന്റെ സഹായത്തോടെ റയിൽവെ അധികൃതർ മുറിതുറന്നപ്പോൾ മി. പിള്ള രക്തത്തിൽ മുങ്ങികിടക്കുന്നതായാണു് കണ്ടതു്. തെയിനിൽനിന്നും ഈ കാര്യം ജംക്ഷൻ പോലീസ് പോസ്റ്റുകയും മൃതദേഹം ഡിണ്ടിക്കൽ ആസ്പത്രിയിലേക്കു് പോസ്റ്റ്മാർട്ടത്തിനായയ്ക്കുകയും ചെയ്തു.

.....

മഴമൂലം യു. പി. യിലുണ്ടായനഷ്ടങ്ങൾ

(പി. ടി. ഐ) ലക്ക്നോ ഏ. 22

ഉത്തർപ്രദേശിൽ ഈ മാസമുണ്ടായ മഴയുടെയും, ചുഴലിക്കാറ്റിന്റേയും ഫലമായി പത്തു പേർ കൊല്ലപ്പെട്ടു. 13 പേർക്കു് പരിക്കു് പറ്റി; ഇരുന്നൂറോളം കന്നുകാലികളും ചത്തു.

യു പി. നിയമസഭയിൽ ഒരു ശ്രദ്ധതിരിക്കൽ പ്രമേയത്തെ സംബന്ധിച്ചു് നടത്തിയ ഒരു പ്രസ്താവനയിലാണു് പാർല്ലിമെന്ററി കാര്യസിക്രട്ടറി ഈ വിവരങ്ങൾ വെളിപ്പെടുത്തിയതു്.

കൂടിയാലോചിക്കാൻ മാത്രമല്ല യുദ്ധത്തിനും ഒരുങ്ങണം

അതിന്ത്യതർക്കങ്ങൾ പരിഹരിക്കുന്നതിനെപ്പറ്റി ഈ എം എസ്

(പി ടി ഐ) പാറ്റ്ന, ഏപ്രിൽ 22

ഇടതുപക്ഷകമ്യൂണിസ്റ്റ്വിരോധം ചൈനാചാരന്മാരാണെന്നുള്ള ആഭ്യന്തരമന്ത്രി നന്ദയുടെ ആരോപണം ഒരു തമാശയാണെന്നു് ഇടതുപക്ഷകമ്യൂണിസ്റ്റ്നേതാവ് ഈ. എം. എസ്. നമ്പൂതിരിപ്പാടു് ഇവിടെ പത്രക്കാരോടു് പറഞ്ഞു.

ഈ ആരോപണത്തെ സംബന്ധിച്ചു് നന്ദയുടെ കയ്യിൽ എന്തെങ്കിലും തെളിവുകളുണ്ടെങ്കിൽ അതുദ്ദേഹം ഹാജരാക്കട്ടെയെന്നു് നമ്പൂതിരിപ്പാടു് പറഞ്ഞു.

കേരളത്തിലെ ജനങ്ങളോടു് കമ്യൂണിസ്റ്റുകാരെ ഉപേക്ഷിക്കുവാൻ നന്ദ ആവശ്യപ്പെട്ടു. പക്ഷെ അവിടെ സംഭവിച്ചതു് എന്താണെന്നു് എല്ലാവർക്കും അറിയാം.

നന്ദയുമായുണ്ടായ സംഭാഷണത്തിന്റെ വെളിച്ചത്തിൽ ഇടതുപക്ഷകമ്യൂണിസ്റ്റുകളെ വിട്ടയക്കുമെന്നു് ആശിക്കുന്നതായി അദ്ദേഹം പറഞ്ഞു.

കേരളത്തിലെ ഭരണത്തിനു് നന്ദ തടക്കമുള്ള ഒരു വ്യക്തിയാണെന്നും, ആ തന്നെ പറഞ്ഞാലും അദ്ദേഹം കേന്ദ്രകയില്ലെന്നും നമ്പൂതിരിപ്പാടു് പറഞ്ഞു.

ചൈനയോ, പാക്കിസ്ഥാനോ, മറ്റേതെങ്കിലും രാഷ്ട്രവുമായോ ഉള്ള അതിർത്തി തർക്കങ്ങൾ ഇന്ത്യയുടെ അന്തസ്സിനും, അഭിമാനത്തിനും അനുയോജ്യമായ വിധത്തിൽ പരിഹരിക്കണമെന്നു് അദ്ദേഹം പറഞ്ഞു. കൂടിയാലോചനകൾക്കു് ഒരുങ്ങിയിരിക്കുമ്പോൾതന്നെ യുദ്ധം ചെയ്യുന്നതിനും തയ്യാറാകണം.

ചൈനയിലേക്കു് ഫ്രാൻസിന്റെ വക്കാലത്തു്

അമേരിക്കൻ വാദത്തെ എതിർത്തു് റഷ്യക്കു് പിന്തുണനൽകി

[റോയിട്ടർ] ജനീവ ഏ. 22

ഐക്യരാഷ്ട്രസഭയുടെ ഒരു സമിതിയിൽ ചൈനയെ പ്രതിനിധീകരിക്കുവാനുള്ള അവകാശം പെക്കിംഗ് ഗവണ്മെന്റിനുമാത്രമാണെന്നു് റഷ്യയുടെ വക്താവിന്റെ വാദത്തെ അമേരിക്ക എതിർത്തപ്പോൾ ഫ്രാൻസ് റഷ്യയ്ക്കു പിന്തുണനൽകി.

യൂറോപ്പിനുവേണ്ടിയുള്ള ഐക്യരാഷ്ട്രസാമ്പത്തികകമ്മീഷന്റെ ഉൽഘാടനയോഗത്തിൽ ഒരു കുമിന്താങ്ങ് ചൈനസ് പ്രതിനിധിയുടെ സാന്നിധ്യത്തെ റഷ്യൻ ഡെപ്യൂട്ടി പ്രധാനമന്ത്രി നിക്കോളായ് ഫിലുബിൽ എതിർത്തതിനെതുടർന്നാണു് ഈ സംഭവമുണ്ടായതു്. ചിയാങ്കൈഷക് ചൈനയേയോ ചൈനസ് ജനതയേയോ പ്രതിധീകരിക്കുന്നില്ലെന്നു് മി. ഫിറുബിൻ പറഞ്ഞു. മറ്റതായ ചൈനസ് ജനതയുടെ പ്രതിനിധ്യം ചൈനസ് പീപ്പിൾസ് റിപ്പബ്ലിക് ഗവണ്മെന്റിനു മാത്രമാണു്. അദ്ദേഹം പറഞ്ഞു.

ഐക്യരാഷ്ട്രസമിതിയിൽ കുമിന്താങ്ങാണു് ചൈനയെ പ്രതിനിധീകരിക്കുന്നതെന്നും അവരുടെ നിർദ്ദേക്ഷകരുടെ ഇവിടത്തെ പ്രതിനിധ്യം നിയമപരമാണെന്നും മി. വാൾട്ടർ കോട്സ്നിക് പ്രസ്താവിച്ചു.

ചൈനയുടെ ഏക ഗവണ്മെന്റായി പെക്കിംഗ് ഗവണ്മെന്റിനെയാണു് തങ്ങളും അംഗീകരിക്കുന്നതെന്നും ചൈനയുടെ സ്ഥാനം അവകാശപ്പെടുന്നതായിരിക്കണമെന്നു് തങ്ങളും പരിഗണിക്കുന്നുവെന്നും ഫ്രാൻസിന്റെ പ്രതിനിധി മി. ബെർനാർഡ് ഡി ചാൽവറോൺ പ്രസ്താവിച്ചു.

ബാങ്കളൂരിൽ റിബൽ കോൺഗ്രസ്സ് സമ്മേളനം

[പി. ടി. ഐ] ബാങ്കളൂർ ഏ. 22

മൈസൂരിലെ ഒരു മുൻ മന്ത്രിയായ സുബ്രാമണ്യം ഏപ്രിൽ 28 നു് ബാങ്കളൂരിൽ ഒരു സമ്മേളനം വിളിച്ചു് കൂട്ടുന്നുണ്ടെന്നു് മുൻ പി. സി. സി പ്രസിഡണ്ടു് എസ്. നിജലിംഗപ്പയുടെ പക്ഷക്കാരോടു് പറഞ്ഞു.

സുബ്രാമണ്യം കഴിഞ്ഞകൊല്ലമാണു് കോൺഗ്രസ്സിൽനിന്നു് വിട്ടുപോയതു്.

ഈ സമ്മേളനത്തിലേക്കു് എല്ലാ രാഷ്ട്രീയ കക്ഷികളിലേയും പ്രമുഖരെ ക്ഷണിച്ചിട്ടുണ്ടു്. മഹാരാഷ്ട്രയിൽനിന്നും കേരളത്തിൽനിന്നുമുള്ള കോൺഗ്രസ്സുകാരും ക്ഷണിക്കപ്പെട്ടവരിൽ ഉൾപ്പെടുന്നു.

സംസ്ഥാനത്തു് ഐക്യപ്രതിപക്ഷകക്ഷി രൂപീകരിക്കുന്നതിനെ സംബന്ധിച്ചാണു് സമ്മേളനംചേച്ചുചെയ്യുന്നതു്.

....

പതുക്കെലാസ്സ് കട്ട് നീക്കി

(പി. ടി. ഐ.) ന്യൂഡൽഹി ഏ. 22

കൊല്ലത്തിൽ 1000 ടണ്ണിലധികം പതുക്കെലാസ്സ് ഉപയോഗിക്കുന്ന വ്യവസായങ്ങളുടേയും, ആനുകാലിക പ്രസിദ്ധീകരണങ്ങളുടെയും മേൽ ചുമത്തിയിരുന്ന 5 ശതമാനം കട്ട് എടുത്തു കളഞ്ഞിരിക്കുന്നു.

പതുക്കെലാസ്സിനെ സംബന്ധിച്ചേടത്തോളം 1965-66 ലേക്കുള്ള ഇറക്കുമതിനിയന്ത്രണത്തിൽ വരുത്തിയിട്ടുള്ള ഉദാരമായ ഒരു മാറ്റമാണിതു്.

ഈ നയത്തെ സംബന്ധിക്കുന്ന പ്രസ്താവന ലോകസഭയിൽ വാണിജ്യമന്ത്രി മനുഭായി ഷാ ഇന്നു് അവതരിപ്പിച്ചു.

കോൺവോയികളുടെ നേരെ

വടക്കൻ വിയറ്റ്നാമിന്റെ തീരപ്രദേശത്തു് കൂടി കടന്നു് പോകുന്ന പ്രധാന റോഡിൽവെച്ചു് സൈഗോൺ ഗവണ്മെന്റിന്റെ കോൺവോയികളുടെ നേരെ അമേരിക്കൻ ബോമ്പർ വിമാനങ്ങൾ രോക്കാക്രമണം നടത്തി. പീരങ്കി വെടിയും ഒപ്പുണ്ടായിരുന്നു. പിന്നീടു് വിമാനങ്ങൾ തിരിഞ്ഞതു് പാലങ്ങളുടെയും, സൈനികസങ്കേതങ്ങളുടേയും നേരെയാണു്.

മക്നമാറയുടെ പ്രസ്താവന

[റോയിട്ടർ] വാഷിംഗ്ടൺ, ഏ. 22

വടക്കൻ വിയറ്റ്നാമിൽ സേവിയറിലെൻ വിമാനസേന മിസ്സയിലുകൾ സ്ഥാപിക്കുകയാണെങ്കിൽ അതു നേരിടുന്നതിനു് അമേരിക്കക്കു് കഴിയുമെന്നു് പ്രതിരോധ സെക്രട്ടറി റോബർട്ട് മക്നമാറ ഇവിടെ പ്രസ്താവിച്ചു.

തെക്കൻ വിയറ്റ്നാം നാവികസേനയ്ക്കു് സങ്കേതത്തിലേക്കു് നീങ്ങിയപ്പോഴാണു് വ്യോമാക്രമണം നടന്നതു് മാത്രപ്രധാനമായ ഒരു സ്ഥലം വിയറ്റ്നാമുകളിൽനിന്നു് പിടിച്ചെടുക്കുന്നതിനു വേണ്ടിയായിരുന്നു ഈ നീക്കം.

വൻതോതിലുള്ള വ്യോമാക്രമണം ആ സങ്കേതത്തിനു് നേരെ ആരംഭിച്ചിട്ടു് മൂന്നു് ദിവസമായി മൂന്നുറോളം വിയറ്റ്നാമുകൾ കൊല്ലപ്പെട്ടിട്ടുണ്ടെന്നു് കണക്കാക്കപ്പെട്ടു. ഒപ്പം വിയറ്റ്നാം ഭാഗത്തുനിന്നു് കൊല്ലപ്പെട്ടവർ 25 ആണു്. 45 പേർക്കു് പരിക്കുപറ്റി 32 പേരെ കാണാനില്ല.

കേരള നേഴ്സുകൾ ഒന്നാം തരം

(പി. ടി. ഐ.) ന്യൂഡൽഹി ഏ. 22

കേരളത്തിൽനിന്നുള്ള നേഴ്സുകൾ ഉത്തർപ്രദേശിൽ വൻതോതിൽ വന്നുകയറിയിട്ടുള്ളതു് എന്തുകൊണ്ടാണെന്നു രാജ്യസഭയിൽ ഡോ. സുശീലാനായർ ഇന്നു് ലോകസഭയിൽ ചോദിച്ചു.

കേരളത്തിൽനിന്നുള്ള പെൺകുട്ടികൾ രാജ്യത്തിലെന്നാളും ആസ്പത്രികളിൽ പണിയെടുക്കുന്നതിനു മുന്നോട്ടു് വന്നിട്ടുള്ളതിൽ തങ്ങൾക്കു് സന്തോഷമുണ്ടെന്നും, അവർ കൊണ്ടുവരുന്ന നേഴ്സുകളെന്നും ആരോഗ്യമന്ത്രി സുശീലാ നായർ മറുപടി പറഞ്ഞു. യു. പി. പെൺകുട്ടികളെ ഈ പണിക്കു് ഇറക്കുവാൻ പ്രേരണ ചെലുത്തുന്നതിനു് മന്ത്രി രാജ്യസഭയിൽ നോട്ടു് അഭ്യർത്ഥിച്ചു.

....

വിയറ്റ്നാംകോണ്ഗ്രസ്സിനു് തുടക്കം

സോവിയറ്റ് മിസ്സയിലുകളെ നോട്ടമിട്ട് അമേരിക്കൻ ബോമ്പർ വിമാനങ്ങൾ

[റോയിട്ടർ] സൈഗോൺ, ഏ. 22

കഴിഞ്ഞ ഏതാനും മാസങ്ങൾക്കുള്ളിൽനടന്നതിൽവെച്ചു് ഏറ്റവും കവിത്ത ഒരു യുദ്ധമാണു് സൈഗോണിൽനിന്നു് 350 നാഴിക ദൂരെയുള്ള കമ്പോഡിയൻ അതിർത്തിയിലെ ഒരു സുപ്രധാന മേഖലയിൽ നടന്നതു്.

അവിടെ താവളമടിച്ചിട്ടുള്ള വിയറ്റ്കോങ് സേനകളുടെ നേരെ അമേരിക്കൻ ജെറ്റ് വിമാനങ്ങളും ബോമ്പുകളും, റോക്കറ്റുകളും വർഷിച്ചു.

തെക്കൻ വിയറ്റ്നാം നാവികസേനയുടെ വയറ്റ്കോങ് സങ്കേതത്തിലേക്കു് നീങ്ങിയപ്പോഴാണു് വ്യോമാക്രമണം നടന്നതു് മാത്രപ്രധാനമായ ഒരു സ്ഥലം വിയറ്റ്കോങ്ങുകളിൽനിന്നു് പിടിച്ചെടുക്കുന്നതിനുവേണ്ടിയുള്ള ഈ നീക്കം.

വൻതോതിലുള്ള വ്യോമാക്രമണം ആ സങ്കേതത്തിനു് നേരെ ആരംഭിച്ചിട്ടു് മൂന്നു് ദിവസമായി മൂന്നുറോളം വിയറ്റ്കോങ്ങുകളും കൊല്ലപ്പെട്ടിട്ടുണ്ടെന്നു് കണക്കാക്കപ്പെട്ടു. ഒപ്പം വിയറ്റ്നാം ഭാഗത്തുനിന്നു് കൊല്ലപ്പെട്ടവർ 25 ആണു്. 45 പേർക്കു് പരിക്കുപറ്റി 32 പേരെ കാണാനില്ല.

കോൺവോയികളുടെ നേരെ

വടക്കൻ വിയറ്റ്നാമിന്റെ തീരപ്രദേശത്തു് കൂടി കടന്നു് പോകുന്ന പ്രധാന റോഡിൽവെച്ചു് സൈഗോൺ ഗവണ്മെന്റിന്റെ കോൺവോയികളുടെ നേരെ അമേരിക്കൻ ബോമ്പർ വിമാനങ്ങൾ രോക്കാക്രമണം നടത്തി. പീരങ്കി വെടിയും ഒപ്പുണ്ടായിരുന്നു. പിന്നീടു് വിമാനങ്ങൾ തിരിഞ്ഞതു് പാലങ്ങളുടെയും, സൈനികസങ്കേതങ്ങളുടേയും നേരെയാണു്.

മക്നമാറയുടെ പ്രസ്താവന

[റോയിട്ടർ] വാഷിംഗ്ടൺ, ഏ. 22

വടക്കൻ വിയറ്റ്നാമിൽ സേവിയറിലെൻ വിമാനസേന മിസ്സയിലുകൾ സ്ഥാപിക്കുകയാണെങ്കിൽ അതു നേരിടുന്നതിനു് അമേരിക്കക്കു് കഴിയുമെന്നു് പ്രതിരോധ സെക്രട്ടറി റോബർട്ട് മക്നമാറ ഇവിടെ പ്രസ്താവിച്ചു.

തെക്കൻ വിയറ്റ്നാം നാവികസേനയുടെ വയറ്റ്കോങ് സങ്കേതത്തിലേക്കു് നീങ്ങിയപ്പോഴാണു് വ്യോമാക്രമണം നടന്നതു് മാത്രപ്രധാനമായ ഒരു സ്ഥലം വിയറ്റ്കോങ്ങുകളിൽനിന്നു് പിടിച്ചെടുക്കുന്നതിനുവേണ്ടിയുള്ള ഈ നീക്കം.

വൻതോതിലുള്ള വ്യോമാക്രമണം ആ സങ്കേതത്തിനു് നേരെ ആരംഭിച്ചിട്ടു് മൂന്നു് ദിവസമായി മൂന്നുറോളം വിയറ്റ്കോങ്ങുകളും കൊല്ലപ്പെട്ടിട്ടുണ്ടെന്നു് കണക്കാക്കപ്പെട്ടു. ഒപ്പം വിയറ്റ്നാം ഭാഗത്തുനിന്നു് കൊല്ലപ്പെട്ടവർ 25 ആണു്. 45 പേർക്കു് പരിക്കുപറ്റി 32 പേരെ കാണാനില്ല.

കോൺവോയികളുടെ നേരെ

വടക്കൻ വിയറ്റ്നാമിന്റെ തീരപ്രദേശത്തു് കൂടി കടന്നു് പോകുന്ന പ്രധാന റോഡിൽവെച്ചു് സൈഗോൺ ഗവണ്മെന്റിന്റെ കോൺവോയികളുടെ നേരെ അമേരിക്കൻ ബോമ്പർ വിമാനങ്ങൾ രോക്കാക്രമണം നടത്തി. പീരങ്കി വെടിയും ഒപ്പുണ്ടായിരുന്നു. പിന്നീടു് വിമാനങ്ങൾ തിരിഞ്ഞതു് പാലങ്ങളുടെയും, സൈനികസങ്കേതങ്ങളുടേയും നേരെയാണു്.

മക്നമാറയുടെ പ്രസ്താവന

[റോയിട്ടർ] വാഷിംഗ്ടൺ, ഏ. 22

വടക്കൻ വിയറ്റ്നാമിൽ സേവിയറിലെൻ വിമാനസേന മിസ്സയിലുകൾ സ്ഥാപിക്കുകയാണെങ്കിൽ അതു നേരിടുന്നതിനു് അമേരിക്കക്കു് കഴിയുമെന്നു് പ്രതിരോധ സെക്രട്ടറി റോബർട്ട് മക്നമാറ ഇവിടെ പ്രസ്താവിച്ചു.

തൃശ്ശൂർ ഫുട്ബോൾ ടൂർണ്ണമെന്റ്

9-ാം വാർഷികം

ഇന്നു് (23-4-65 വെള്ളിയാഴ്ച) 5-15നു്

പാലസ് സ്റ്റേഡിയത്തിൽ വെച്ചു്

രണ്ടാം സെമിഫൈനൽസ് മത്സരം

ഇ. എം. ഇ. സെൻറർ സെക്കൻഡ്രാബാദ്

V/s

ആന്ധ്രാപ്രദേശ് അസോസിയേഷൻ ഇലവൻസ് ഹൈദ്രബാദ്

നിരക്കുകൾ: കസേര 3രൂ. ഗ്യാലറി (1-00 പടിഞ്ഞാറു് (0-80 കിഴക്കു്

വരനുചേർന്ന വധു

വധുവിനുചേർന്ന സാരിയ്ക്കു്

സന്ദർശിക്കുക:

ഫേഷൻ ഫേബ്രിക്സ്

തൃശ്ശൂർ.

PHONE: 1423

തേക്കിൻകാടു് മൈതാനം ഒരു ഗന്ധർവ്വ നഗരി

അത്ഭുതങ്ങളും മഹാത്ഭുതങ്ങളും

ഇന്നുമുതൽ


★ ഒരു ജീപ്പു് 40 അടി വീതിയുള്ള ഒരു കിടങ്ങു് ജംബ്പ്പ് ചെയ്യുന്നതു് തൃശൂരിൽ ഇന്നു് പ്രഥമമായി പ്രദർശിപ്പിക്കുന്നു.

★★ മനുഷ്യനെ നിറച്ചു് വെടിവെച്ചുതള്ളുന്ന അത്ഭുതപീരങ്കിയുടെ പ്രകടനം നിങ്ങളെ ആകർഷിക്കും.

ദിവസേന 2 കളികൾ

6-30നും 9-30നും

ശനി, ഞായർ മാറ്റിനി 3 മണിക്കു്



ചെണ്ടുണ്ടിൽ പാൽപ്പുഞ്ചിരി തത്തിക്കളിക്കുന്ന പിഞ്ചോമനകളുടേയും, താരുണ്യം വഴിഞ്ഞൊഴുകുന്ന തരുണികളുടേയും, യൌവനംമുറ്റിനില്ക്കുന്ന യുവാക്കളുടേയും മെയ്വഴക്കത്തോടെയുള്ള കായികാഭ്യാസപ്രകടനങ്ങൾക്കു് പുറമെ, ആന, കടുവ, പുലി, സിംഹം തുടങ്ങിയ വന്യമൃഗങ്ങളുടെ രോമാഞ്ചംകൊള്ളിക്കുന്ന അഭ്യാസങ്ങൾക്കു്

നാഷണൽ സർക്കസ്

തേക്കിൻകാടു് മൈതാനം

ചെക്കിങ്ങിനുവേണ്ടി ഫ്രാൻസിന്റെ വക്കാലത്തു് അമേരിക്കൻ വാദത്തെ എതിർത്തു് റഷ്യക്കു് പിന്തുണനൽകി

(റോയിട്ടർ] ജനീവ ഏ. 22

ഐക്യരാഷ്ട്രസഭയുടെ ഒരു സമിതിയിൽ ചൈനയെ പ്രതിനിധീകരിക്കുവാനുള്ള അവകാശം പെക്കിംഗ് ഗവണ്മെന്റിനുമാത്രമാണെന്നുള്ള റഷ്യയുടെ വക്താവിന്റെ വാദത്തെ അമേരിക്ക എതിർത്തപ്പോൾ ഫ്രാൻസ് റഷ്യയ്ക്കു പിന്തുണനൽകി.

യൂറോപ്പിനുവേണ്ടിയുള്ള ഐക്യരാഷ്ട്രസാമ്പത്തികകമ്മീഷന്റെ ഉൽഘാടനയോഗത്തിൽ ഒരു കുമിന്താങ്ങ് ചൈനസ് പ്രതിനിധിയുടെ സാന്നിധ്യത്തെ റഷ്യൻ ഡെപ്യൂട്ടി പ്രധാനമന്ത്രി നിക്കോളായ് ഫിലുബിൽ എതിർത്തതിനെതുടർന്നാണു് ഈ സംഭവമുണ്ടായതു്. ചിയാങ്കൈഷക് ചൈനയേയോ ചൈനസ് ജനതയേയോ പ്രതിധീകരിക്കുന്നില്ലെന്നു് മി. ഫിറുബിൻ പറഞ്ഞു. മറ്റതായ ചൈനസ് ജനതയുടെ പ്രതിനിധ്യം ചൈനസ് പീപ്പിൾസ് റിപ്പബ്ലിക് ഗവണ്മെന്റിനു മാത്രമാണു്. അദ്ദേഹം പറഞ്ഞു.

ഐക്യരാഷ്ട്രസമിതിയിൽ കുമിന്താങ്ങാണു് ചൈനയെ പ്രതിനിധീകരിക്കുന്നതെന്നും അവരുടെ നിർദ്ദേക്ഷകരുടെ ഇവിടത്തെ പ്രതിനിധ്യം നിയമപരമാണെന്നും മി. വാൾട്ടർ കോട്സ്നിക് പ്രസ്താവിച്ചു.

ചൈനയുടെ ഏക ഗവണ്മെന്റായി പെക്കിംഗ് ഗവണ്മെന്റിനെയാണു് തങ്ങളും അംഗീകരിക്കുന്നതെന്നും ചൈനയുടെ സ്ഥാനം അവകാശപ്പെടുന്നതായിരിക്കണമെന്നു് തങ്ങളും പരിഗണിക്കുന്നുവെന്നും ഫ്രാൻസിന്റെ പ്രതിനിധി മി. ബെർനാർഡ് ഡി ചാൽവറോൺ പ്രസ്താവിച്ചു.

ഗവർണ്ണറും ഉപദേഷ്ടാവും ഡെൽഹിക്കു്

(പി ടി ഐ) തിരുവനന്തപുരം, ഏ. 22

സംസ്ഥാനത്തെ മദ്യനിരോധനനയത്തിൽ വരുത്താനുദ്ദേശിക്കുന്ന മാറ്റങ്ങളെ സംബന്ധിച്ചു് തീരുമാനമായിട്ടില്ലെന്നു് കേരള ഗവണ്മെന്റർ എ. പി. ജയിൻ ഇന്നിവിടെവെച്ചു് പത്രലേഖകരോടു് പ്രസ്താവിച്ചിരിക്കുന്നു.

ഈ പ്രശ്നം പരിശോധിച്ചുവരികയാണെന്നും കൃത്യമായി ഒന്നും പറയുവാനില്ലെന്നും ജയിൻ പറഞ്ഞു. ഡെൽഹിക്കു് പുറപ്പെടുന്നതിനുമുമ്പായി വിമാനത്താവളത്തിൽവെച്ചു് സംസാരിക്കുകയായിരുന്നു അദ്ദ

തൊഴിലാളി

പോസ്റ്റ്ബോക്സ് 90
ടെലഫോൺ 125

1965 ഏപ്രിൽ 23-ാംതു വെള്ളി

അവഹേളനങ്ങൾ

—o—

അന്തർദ്ദേശീയരംഗത്തു് അന്തസ്സോടും അഭിമാനത്തോടും ശിരസ്സുയർത്തിനിന്നിരുന്ന ഒരു ജനാധിപത്യരാഷ്ട്രമായിരുന്നു ഭാരതം. ലോകരാഷ്ട്രങ്ങളുടെ ഇടയിൽ എന്തു പ്രശ്നമുണ്ടായാലും ഭാരതമെന്തു പറയുന്നു എന്നു് എല്ലാവരും ഉൽക്കണ്ഠയോടെ ഉറ്റുനോക്കുമായിരുന്നു. അനേകം ദുർഘടഘട്ടങ്ങളിൽ യുദ്ധം ഒഴിവാക്കിപ്പോന്നതു മൈനു് ലോകം ഭയപ്പെട്ടിരുന്നപ്പോൾ, സമാധാനത്തിന്റെ സന്ദേശവുമായി മാടിയെത്തിയ ഭാരതത്തിന്റെ ധാർമ്മികനേതൃത്വത്തെ ലോകം മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ടു്. ഇതെല്ലാം 1947-ൽ സ്വാതന്ത്ര്യം പ്രാപിച്ചതിനുശേഷം മുതലുള്ള ഒരു കാലഘട്ടംകൊണ്ടാണു് നമുക്കു നേടാൻ കഴിഞ്ഞതു്. എന്നാൽ ഇന്നത്തെ നിലയെന്താണു്? ലോകരാഷ്ട്രങ്ങളുടെ ഇടയിൽ, ഏറ്റവും അധികം അവഹേളിക്കപ്പെടുന്ന ഒരു രാഷ്ട്രമാണോ ആഫ്രോഭാരതമെന്നപോലും സംശയിക്കപ്പെടത്തക്ക തരത്തിലുള്ള റിപ്പോർട്ടുകളാണു് കിട്ടിക്കൊണ്ടിരിക്കുന്നതു്. പുറകോട്ടുതിരിഞ്ഞുനോക്കുമ്പോൾ, ഭാരതത്തിനുണ്ടായിട്ടുള്ള നേട്ടങ്ങളെല്ലാം ഒരു മഹാനേതാവിന്റെ — ഭാരതശില്പിയായ പണ്ഡിറ്റ്ജിയുടെ — വ്യക്തിപരമായ നേട്ടങ്ങൾ മാത്രമായിരുന്നെന്നു മനസ്സിലാക്കാവുന്നതാണു്. അദ്ദേഹത്തിന്റെ അഭാവത്തിൽ, ചിന്താശൂന്യതയും, ഭാവനാരഹിതതയും, ദീർഘവീക്ഷണമില്ലായ്മയുമായ, ഇന്നത്തെ നേതാക്കൾ ഈ പുണ്യഭൂമിയെ എവിടെക്കൊണ്ടെത്തിക്കുമെന്നോർത്തു് വേദനിച്ചുപോകയാണു്.

ഇതുമെഴുതാൻ ഞങ്ങളെ പ്രേരിപ്പിച്ചതു് ഈ അടുത്ത ദിവസങ്ങളിലുണ്ടായ രണ്ടു സംഭവങ്ങളാണു്.

(1) ജക്കാർത്തായിൽ നടന്ന ആഫ്രോ ഏഷ്യൻ സമ്മേളനത്തിൽ, ഏഷ്യയിലെയും ആഫ്രിക്കയിലെയും ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രമായ ഭാരതത്തിന്റെ പ്രതിനിധികൾക്കു് പ്രവേശനം നിഷേധിച്ചു. അധികൃതരോടു് സമാധാനം ആവശ്യപ്പെടുകയാണു് ചെയ്തതു്.

(2) നമ്മുടെ പ്രധാനമന്ത്രിയെ അമേരിക്കയിലേക്കു്, അവിടത്തെ പ്രസിഡന്റ് ക്ഷണിക്കുകയുണ്ടായി. അമേരിക്ക നമ്മുടെ ഒരു സുഹൃത്രാഷ്ട്രമാണു്. നമ്മുടെ ആപത്കാലത്തു് വേണ്ടവിധത്തിലെല്ലാം അവർ നമ്മെ സഹായിക്കയും ചെയ്തിട്ടുണ്ടു്. ചിലപ്പോഴെല്ലാം, ഇന്ത്യയെ സഹായിക്കുന്നതിൽ അമേരിക്ക കാണിക്കുന്ന അതിരുകടന്ന സന്നദ്ധതമൂലം അതിന്റെ പിന്നിൽ വല്ല സ്വാർത്ഥലക്ഷ്യങ്ങളുമുണ്ടോ എന്നുവരെ പലരും സംശയിച്ചിട്ടുണ്ടു്. അത്തരത്തിലുള്ള അമേരിക്കൻ പ്രസിഡന്റ്, നമ്മുടെ പ്രധാനമന്ത്രിയെ ക്ഷണിക്കുകയും, കുറെക്കഴിഞ്ഞു്, ആ ക്ഷണം പിൻവലിക്കുകയും ചെയ്തിരിക്കയാണു്. ഇതിലപ്പുറം ഒരു അവഹേളനം ഒരു പ്രധാനമന്ത്രിക്കു കിട്ടാനുണ്ടോ?

ഇതെല്ലാം കൂടിക്കാണുമ്പോൾ, എല്ലാ ചേരികളും ഒന്നുപോലെ നമ്മെ അവഹളിക്കുമ്പോൾ — നമ്മുടെ സമീപനത്തിൽ കാതലായ തകരാറു് സംഭവിച്ചിട്ടുണ്ടു് എന്നു മനസ്സിലാക്കുന്നതിനു് അതു വലിയ ബുദ്ധിശക്തിയുടെ ആവശ്യമൊന്നുമില്ല.

ചേരിചേരാനയമാണു് നാം സ്വീകരിച്ചിരിക്കുന്നതു്. ഒരു ശാക്തികച്ചേരിയിലും ചേരാതെ, എല്ലാ നല്ലകാര്യങ്ങൾക്കും എല്ലാവരുമായി സഹകരിച്ചു്, ആരുടെയും വിരോധം സമ്പാദിക്കാതെ കഴിയാനാണല്ലോ ഭാരതം ആഗ്രഹിക്കുന്നതു്. എന്നാൽ, ആ നയം പ്രയോഗത്തിൽ വരുത്തുമ്പോൾ, എല്ലാവരുടെയും സ്നേഹവും ബഹുമാനവും കിട്ടുന്നതിനു പകരം, എല്ലാവരുടെയും വിരോധവും അവഹേളനവുമാണു നമുക്കു ലഭിക്കുന്നതു്. ഭാരതത്തിനു സ്വാതന്ത്ര്യം നേടിത്തന്നതു തങ്ങളാണെന്നവകാശപ്പെടുന്ന കോൺഗ്രസ്സ് നേതൃത്വത്തിനു്, ഇന്നത്തെ അവഹേളനങ്ങൾ സമ്പാദിച്ചുതരുന്ന ഉത്തരവാദിത്വത്തിൽ നിന്നൊഴിഞ്ഞുനില്ക്കുന്നുവെന്നതെങ്ങിനെയാണു്? ഇതിനെത്തരവാടിയായ കോൺഗ്രസ്സ് നേതൃത്വം ഇനിയെങ്കിലും ഒരു ആത്മപരിശോധന നടത്തി അവരുടെ തെറ്റുകൾ തിരുത്തി നഷ്ടപ്പെട്ട നമ്മുടെ അന്തസ്സു് വീണ്ടെടുക്കാൻ ശ്രമിച്ചില്ലെങ്കിൽ, ആത്മാഭിമാനമുള്ള, സ്വാതന്ത്ര്യപ്രേമികളായ ഭാരതീയർ, ഇന്നത്തെ അവഹേളനങ്ങൾക്കെതിരെവാദിക്കുന്നവരായ കോൺഗ്രസ്സുകാരെ അവരുടെ സ്ഥാനത്തുനിന്നും അനതിവിദൂരമായ ഭാവിയിൽ പിടിച്ചിറക്കുമെന്നു് ഞങ്ങളീയവസരത്തിൽ അവരെ അറിയിക്കാനാഗ്രഹിക്കുന്നു.

....o....

റേഡിയോ

ഏപ്രിൽ 23 വെള്ളി
തിരുവനന്തപുരം, കോഴിക്കോടു്, തൃശ്ശൂർ,
454.5, 441.2, 517.2 മീറ്റർ

കാലത്തു്

6-30 മംഗളവാദ്യം, സുപ്രഭാതം
6-35 പരിപാടികളെപ്പറ്റിയുള്ള അറിയിപ്പുകം
6-40 വാർത്തകം ഇംഗ്ലീഷിൽ
6-45 ഭക്തിഗീതം
7-00 ഗാന്ധിമാർഗ്ഗം
7-25 ഇന്നത്തെ ചിന്താവിഷയം
7-30 വാർത്തകം മലയാളത്തിൽ
7-45 അഞ്ജലി
8-00 വാർത്തകം ഇംഗ്ലീഷിൽ
8-15 നാഗസ്വരം
8-45 സമാപനം

ഉച്ചതിരിഞ്ഞു്

12-30 പ്രാദേശികവാർത്തകം
12-35 ചലച്ചിത്രഗാനങ്ങൾ
12-45 വനിതാരംഗം
1-20 വാർത്തകം മലയാളത്തിൽ
1-30 ലളിതഗാനങ്ങൾ
1-40 വാർത്തകം ഹിന്ദിയിൽ
1-50 സുഗമസംഗീതം
2-00 കാലാവസ്ഥ

രാത്രി

5-30 തൊഴിലാളിമണ്ഡലം
6-00 പ്രാദേശിക അറിയിപ്പുകം
6-05 പ്രാദേശികവാർത്തകം
6-15 നാട്ടിൻപുറം
7-00 നമുക്കു് വിദേശനാണ്യം നേടിത്തരുന്നവ (മലയാളപ്രഭാഷണം)
7-10 ചലച്ചിത്രഗാനങ്ങൾ
7-30 വാർത്തകം മലയാളത്തിൽ
7-45 രാഗം, താനം, പല്ലവി
8-50 ഇന്നത്തെപാർലിമെന്റ്
9-00 വാർത്തകം ഇംഗ്ലീഷിൽ
9-15 കവിതാമൃതം
9-30 യുവലോകം
10-00 നാഗസ്വരം
10-30 വാർത്തകം ഇംഗ്ലീഷിൽ
11-00 സമാപനം

....

കൊച്ചി കപ്പൽ നിർമ്മാണകേന്ദ്രം ജപ്പാനീസ് സംഘം വീണ്ടും എത്തി

എറണാകുളം, ഏ. 22

കൊച്ചി കപ്പൽ നിർമ്മാണകേന്ദ്രത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട മാനുഷികസഹായ സംഘം ടീമിന്റെ നേതാവു് ഇഷിഗോഗോയും, ഉപനേതാവു് തനകയും ഡൽഹിയിൽനിന്നു് ഇന്നിവിടെ വിമാനമാർഗ്ഗം എത്തി. ഈ സംഘത്തിലുള്ള മറ്റു് അംഗങ്ങൾ നാളെ ഇവിടെ എത്തിച്ചേരുന്നതാണു്.

കപ്പൽനിർമ്മാണകേന്ദ്രത്തിനു് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സ്ഥലത്തെ മണ്ണു് പരിശോധന ഈ സംഘം നടത്തുന്നതാണു്. കൊച്ചി ഇമ്പ്രൂവ്മെന്റ് ട്രസ്റ്റുമായി ഇതിനെ സംബന്ധിച്ചു് അവർ ചർച്ച നടത്തും.

.....

ജില്ലയിലെ ശുദ്ധജലവിതരണപ്രവർത്തനങ്ങൾ
കഴിഞ്ഞവർഷം മൂന്നുകാൽ ലക്ഷം രൂപാ ചിലവഴിച്ചു

തൃശ്ശൂർ, ഏ. 21

തൃശ്ശൂർജില്ലയിൽ ശുദ്ധജലവിതരണത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ സാമ്പത്തികവർഷത്തിൽ 3,25,418 രൂപാ ചിലവഴിക്കപ്പെട്ടതായാണു് പബ്ലിക് ഹെൽത്തു് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതിൽ ഗ്രാൽ വാട്ടർസപ്ലൈ സ്കീമനുസരിച്ചു് 1,40,674 രൂപയും, വില്ലേജ് വാട്ടർ സപ്ലൈ സ്കീമനുസരിച്ചു് 97,511 രൂപയുമാണു് ചിലവഴിച്ചതു്. ഗ്രാൽ വാട്ടർസപ്ലൈസ്കീമിനു് 87,223 രൂപയാണു് വിനിയോഗിച്ചതു്.

വ്യവസായങ്ങൾക്കു് ലൈസൻസ് കൊടുക്കുന്നതിന്റെ നടപടിക്രമം

ഗവർമ്മെണ്ടിന്റെ വ്യവസായനയം നടപ്പാക്കുന്നതിനുള്ള പ്രധാന ഉപകരണം 1951-ലെ വ്യവസായവികസന-നിയന്ത്രണ നിയമമാണു്. ഇതിന്റെ കീഴിലുള്ള 38 തരം വ്യവസായങ്ങളുടെ എല്ലാ പുതിയ ഘടകങ്ങൾക്കും ഗവർമ്മെണ്ടിന്റെ ലൈസൻസ് വേണമെന്നാണു് വ്യവസ്ഥ.

നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥ അല്ലെങ്കിൽ ഏതെങ്കിലും വ്യവസായസ്ഥാപനത്തിനു് അഥവാ വ്യവസായങ്ങൾക്കു് ബാധകമല്ലെന്നു പ്രഖ്യാപിക്കാൻ ഗവർമ്മെണ്ടിനു് അധികാരം നൽകപ്പെട്ടിട്ടുണ്ടു്. ഇതനുസരിച്ചു് 1964 ജനുവരിയിൽ പുറപ്പെടുവിച്ച ഒരു വിജ്ഞാപനം, 25 ലക്ഷം രൂപയിൽ കവിയാത്ത സ്ഥിരം ആസ്തികളുള്ള കൽക്കരി, ടെക്സ്റ്റയിൽസ്, റോളർ ഫ്ലവർ മില്ലിംഗ്, എണ്ണയാട്ടു്, വനസ്പതി, ഗ്ലൂകൽ, തീപ്പെട്ടി എന്നിവയൊഴികെയുള്ള എല്ലാ വ്യവസായസ്ഥാപനങ്ങളെയും നിയമത്തിലെ ലൈസൻസിംഗ് വ്യവസ്ഥകളിൽനിന്നു് ഒഴിവാക്കിയിരിക്കുന്നു.

വ്യവസായശേഷി വർദ്ധിപ്പിക്കുക, യന്ത്രസാമഗ്രികളും ഇറക്കുമതി ചെയ്യുക, കാഹരി പുറപ്പെടുവിക്കുക, വിദേശസഹകരണം, അസംസ്കൃതവസ്തുക്കൾക്കു് ലൈസൻസ് നൽകുക തുടങ്ങിയവ സംബന്ധിച്ച നിയന്ത്രണങ്ങളുടെ പ്രവർത്തനം പരിശോധിക്കാൻ 1963 സെപ്തമ്പറിനു ശേഷം ഒരു വ്യവസായ വികസന നടപടിക്രമ സമിതി ഏർപ്പെടുത്തുകയുണ്ടായി. ഇതിന്റെ ശിപാർശയനുസരിച്ചു് വ്യവസായിക ലൈസൻസുകാര്യം അനുവദിക്കുന്നതും മറ്റു അനുമതികാര്യം നൽകുന്നതും സംബന്ധിച്ച നടപടിക്രമങ്ങളും ഗവർമ്മെണ്ടു് ഇപ്പോൾ പരിഷ്കരിച്ചിട്ടുണ്ടു്.

പുതുക്കിയ നടപടിക്രമം

പുതുക്കിയനടപടിക്രമമനുസരിച്ചു് പടികളിൽപെട്ട ഒരുവ്യവസായസ്ഥാപിക്കാനാഗ്രഹിക്കുന്ന കക്ഷിനിശ്ചിതഫോറത്തിൽ ലൈസൻസിനു് അപേക്ഷിക്കണം. ഇത്തരം അപേക്ഷകം കൈകാര്യം ചെയ്യാൻ വ്യവസായ-സപ്ലൈ വകുപ്പിൽ പ്രത്യേകവിഭാഗം ഏർപ്പെടുത്തിയിട്ടുണ്ടു്. അപേക്ഷകം ബന്ധപ്പെട്ട അധികൃതരുടെ പരിശോധനയ്ക്കും അഭിപ്രായങ്ങൾക്കും ഒരേ സമയം വിതരണം ചെയ്യുന്നു. ഓരോയിടത്തും സംബന്ധിച്ച ആവശ്യങ്ങൾ റെയിൽവേ വകുപ്പിനേയും ഇന്ധനം സംബന്ധിച്ച ആവശ്യങ്ങൾ ഖനി-ഇന്ധനവകുപ്പിനേയും അറിയിക്കുന്നു. സാങ്കേതികാധികൃതരുടെ അഭിപ്രായങ്ങൾ കിട്ടിയാലുടനെ ഒരു കരിപ്പു് തയ്യാറാക്കി ലൈസൻസിംഗ് കമ്മീഷണർക്കു് സമർപ്പിക്കുന്നു.

വ്യവസായ-സപ്ലൈ വകുപ്പിന്റെ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ലൈസൻസിംഗ് കമ്മീഷനിൽ കേന്ദ്രഗവർമ്മെണ്ടിന്റെയും പ്ലാനിംഗ് കമ്മീഷന്റെയും സംസ്ഥാന ഗവർമ്മെണ്ടുകളുടെയും പ്രതിനിധികളുണ്ടു്. ഇതിന്റെ ഒരുപ സമിതി രണ്ടാഴ്ചയിലൊരിക്കൽ ന്യൂഡൽഹിയിൽ യോഗം ചേരുന്നു. ഉപസമിതിയുടെ തീരുമാനങ്ങൾ അവലോകനം ചെയ്യാൻ കമ്മറ്റിയും ഇടയ്ക്കിടെ കൂടാറുണ്ടു്.

അടിസ്ഥാനതത്വങ്ങൾ

ഗവർമ്മെണ്ടിനു് ശിപാർശ സമർപ്പിക്കുമ്പോൾ കമ്മീഷൻ, വ്യവസായനയപ്രമേയത്തിലെ അടിസ്ഥാനതത്വങ്ങളും പഞ്ചവത്സരപദ്ധതിലക്ഷ്യങ്ങളും ബന്ധപ്പെട്ട മറ്റുകാര്യങ്ങളും പരിശോധിക്കുന്നു. കമ്മറിയുടെ ശിപാർശകളും ഗവർമ്മെണ്ടു് അംഗീകരിച്ചാലുടനെ ലൈസൻസുകം നൽകപ്പെടുന്നു.

തന്റെ നിർദ്ദേശങ്ങൾ അനുഭാവത്തോടെ പരിഗണിക്കാൻ ഗവർമ്മെണ്ടു് തയ്യാറാണോ എന്നു് കഴിയുന്നതുവേഗം അപേക്ഷകനു് അറിയാൻ കഴിയത്തക്കവിധം, നിർദ്ദിഷ്ടമായ വ്യവസ്ഥകളും പാലിക്കുന്നതിനു വിധേയമായി ലൈസൻസ്നല്കുമെന്നു് ഉറപ്പുചെയ്യുന്ന 'അനുമതി പത്രം' അയക്കാൻ ഏല്പാടുണ്ടു്. വ്യവസ്ഥകളും പാലിച്ചാലുടനെ ഔപചാരികമായ വ്യവസായി ലൈസൻസ് നൽകപ്പെടുന്നു.

ലൈസൻസിനു് ലഭിക്കുന്ന അപേക്ഷകം നാലുതൽ ആറാഴ്ചകം ലൈസൻസിംഗ് കമ്മറിയുടെ മുമ്പാകെ വരുന്നു. കമ്മറിക്കു് അയയ്ക്കുന്നതിനുമുമ്പു് അപേക്ഷകം ലൈസൻസിംഗ് കമ്മറിക്കു് കൂടുതൽ വിവരങ്ങൾ ആവശ്യമുണ്ടെങ്കിൽ അതും ഉടൻതന്നെ ലഭിക്കുന്നു. പദ്ധതികളുടെ മേന്മയനുസരിച്ചു് അപേക്ഷകം പരിഗണിക്കാവുന്നതാണു് എതൊക്കെ വ്യവസായങ്ങളെ സംബന്ധിച്ചതാണെന്നതിന്റെ പട്ടികയും അതുമൊക്കെ കൂടെച്ചേർത്തു് പ്രസിദ്ധപ്പെടുത്തുന്നുണ്ടു്.

പ്രോഗ്രസ് റിപ്പോർട്ടു്

ലൈസൻസു് അനുവദിച്ചു കഴിഞ്ഞാൽ, ഉല്പാദനം ആരംഭിക്കുന്നതുവരെ, വ്യവസായ സ്ഥാപനത്തിന്റെ ഉടമ ആറുമാസത്തിലൊരിക്കൽ നിശ്ചിത ഫോറത്തിൽ ഗവണ്മെണ്ടിനു് പ്രോഗ്രസ് റിപ്പോർട്ടകം സമർപ്പിക്കേണ്ടതാണു്. ഇവയുടെ അടിസ്ഥാനത്തിൽ, സ്ഥാപനത്തിന്റെ പുരോഗതി തൃപ്തികരമല്ലെന്നതോന്നിയാൽ അക്കാര്യം ഉടമയുമായി ചർച്ചചെയ്യുന്നു. ആവശ്യമെന്നു കാണുമ്പോൾ, ലൈസൻസ് പിൻവലിക്കാതിരിക്കാൻ കാരണം ചോദിച്ചുകൊണ്ടു് നോട്ടീസയക്കുകയും ചെയ്യുന്നു. ലൈസൻസ് പിൻവലിക്കാൻ തീരുമാനിക്കുമുമ്പു്, ഭാരോ സംഭവവും ബന്ധപ്പെട്ട വകുപ്പു് പരിഗണിക്കുകയും ലൈസൻസിംഗ് കമ്മറിയുടെ മുമ്പിൽ സമർപ്പിക്കുകയും പതിവാണു്.

പുതുക്കിയ കരുത്

ഇലങ്കത്ത് കൈകഴുകി മാറാൻ വരട്ടെ

സർ.

കേരളത്തിൽ ബി. എസ്. എസ്. ഗണ്യമായ പല നേട്ടങ്ങളും സൃഷ്ടിച്ചിട്ടുള്ളതായി കേരളാ സംഘടനയുടെ ചെയർമാൻ കെ. ആർ. ഇലങ്കത്തു് പബ്ലിക് എക്കൌണ്ടസ് കമ്മിറ്റി റിപ്പോർട്ടിനെ പരാമർശിച്ചുകൊണ്ടുള്ള ഒരു പത്രസമ്മേളനത്തിൽ അവകാശപ്പെട്ടതായി കാണുന്നു. ആ അവകാശവാദത്തിൽ കാര്യങ്ങൾ ഒതുങ്ങി നിൽക്കുന്നുണ്ടെങ്കിൽ സമാധാനിക്കാമായിരുന്നു.

കേന്ദ്രഗവണ്മെണ്ടിൽനിന്നു് ബി. എസ്. എസിനു് വരിച്ച ധനസഹായങ്ങളെ സംബന്ധിച്ചു് ശരിയായ കണക്കകം ഹാജരാക്കപ്പെട്ടിട്ടില്ലെ എന്ന പരാതിയിൽ നിന്നു് രക്ഷപ്പെടുകയെന്ന ലക്ഷ്യം ഉള്ളിൽവെച്ചുള്ള ഒരു വിശദീകരണമാണതു് കേരളത്തിൽ സംഘടനാരംഗത്തു് ഒരുമാതിരി ആശാവഹമായ പുരോഗതി കണ്ടുവരുന്നുണ്ടെന്നു് ഒരു കാര്യം ഞങ്ങൾ സമ്മതിക്കുന്നു. കേരളത്തിലെ സംഘടന, അഖിലേന്ത്യാ സംഘടനയുടെ ഒരു ഘടകമാണു്. ഈ മൂലകട്ടംബത്തെ പൊതുവെ ബാധിക്കുന്ന ഒരു പ്രശ്നത്തെക്കുറിച്ചാണു് പി. എ. സി. യുടെ പരാമർശം. ശരിക്കുപറഞ്ഞാൽ, തങ്ങളും സംതൃപ്തരാണു്; റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട 'കംഫർട്ടബിൾ' തുകയെങ്കിലും കേന്ദ്രഗവണ്മെണ്ടിൽനിന്നു് തങ്ങൾക്കു് കിട്ടിയിട്ടുണ്ടെന്നു് ഇലങ്കത്തു് പറയുന്നുണ്ടു്. അദ്ദേഹം പറയുന്നതു് അതിനുമുമ്പു് പബ്ലിക് അക്കൌണ്ട്സ് കമ്മിറ്റി റിപ്പോർട്ടിനെ പരാമർശിച്ചുകൊണ്ടുള്ള ഒരു പത്രസമ്മേളനത്തിൽ അവകാശപ്പെട്ടതായി കാണുന്നു. ആ അവകാശവാദത്തിൽ കാര്യങ്ങൾ ഒതുങ്ങി നിൽക്കുന്നുണ്ടെങ്കിൽ സമാധാനിക്കാമായിരുന്നു.

കേന്ദ്രഗവണ്മെണ്ടിൽനിന്നു് ബി. എസ്. എസിനു് വരിച്ച ധനസഹായങ്ങളെ സംബന്ധിച്ചു് ശരിയായ കണക്കകം ഹാജരാക്കപ്പെട്ടിട്ടില്ലെ എന്ന പരാതിയിൽ നിന്നു് രക്ഷപ്പെടുകയെന്ന ലക്ഷ്യം ഉള്ളിൽവെച്ചുള്ള ഒരു വിശദീകരണമാണതു് കേരളത്തിൽ സംഘടനാരംഗത്തു് ഒരുമാതിരി ആശാവഹമായ പുരോഗതി കണ്ടുവരുന്നുണ്ടെന്നു് ഒരു കാര്യം ഞങ്ങൾ സമ്മതിക്കുന്നു. കേരളത്തിലെ സംഘടന, അഖിലേന്ത്യാ സംഘടനയുടെ ഒരു ഘടകമാണു്. ഈ മൂലകട്ടംബത്തെ പൊതുവെ ബാധിക്കുന്ന ഒരു പ്രശ്നത്തെക്കുറിച്ചാണു് പി. എ. സി. യുടെ പരാമർശം. ശരിക്കുപറഞ്ഞാൽ, തങ്ങളും സംതൃപ്തരാണു്; റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട 'കംഫർട്ടബിൾ' തുകയെങ്കിലും കേന്ദ്രഗവണ്മെണ്ടിൽനിന്നു് തങ്ങൾക്കു് കിട്ടിയിട്ടുണ്ടെന്നു് ഇലങ്കത്തു് പറയുന്നുണ്ടു്. അദ്ദേഹം പറയുന്നതു് അതിനുമുമ്പു് പബ്ലിക് അക്കൌണ്ട്സ് കമ്മിറ്റി റിപ്പോർട്ടിനെ പരാമർശിച്ചുകൊണ്ടുള്ള ഒരു പത്രസമ്മേളനത്തിൽ അവകാശപ്പെട്ടതായി കാണുന്നു. അതിനുമുമ്പുതന്നെ പി. എൽ. കെ. കമ്മിറ്റിയുടെ റിപ്പോർട്ടു് പുറത്തുവന്നപ്പോഴും ഇലങ്കത്തു് ഇതുതന്നെ പറഞ്ഞിരുന്നില്ലേ? എൽ. കെ. കമ്മിറ്റിയുടെ റിപ്പോർട്ടു് പുറത്തുവന്നപ്പോഴാണു് ഇലങ്കത്തു് ഇതിനുമുമ്പുതന്നെ പറഞ്ഞിരുന്നുവെന്നു് ഓർമ്മിപ്പിച്ചതു്.

മദ്യനിരോധനം അയവുവരുത്തുന്നപ്രശ്നം ഗവർണ്ണർ കേന്ദ്രത്തെ ധരിപ്പിക്കും

തിരു. ഏപ്രിൽ 22

കേരളാ ഗവണ്ണർ അജിത് പ്രസാദ് ജയിനിന്റെ ഡെൽഹി സന്ദർശനം വളരെയേറെ പ്രാധാന്യമർഹിക്കുന്നതാണെന്ന് ഇവിടത്തെ രാഷ്ട്രീയ കേന്ദ്രങ്ങൾ ചൂണ്ടിക്കാണിക്കുന്നു.

കേരളത്തിന്റെ തനതായ ഒരു ചിത്രം ജയിൻ കേന്ദ്രത്തിനു സമർപ്പിക്കുന്നതാണെന്നും അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര നേതൃത്വത്തിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് ഭരണരംഗത്ത് ചില മാറ്റങ്ങൾ വരുത്തുന്നതാണെന്നും അറിയുന്നു.

കേരളത്തെ സംബന്ധിച്ച ഒരു വിശദമായ ചർച്ചയിൽ തന്നെ സഹായിക്കുന്നതിനായാണ് ഏതാനും മാസങ്ങളായി കേരളത്തിൽ ഭരണം നടത്തി പരിചയമുള്ള അഡ്വൈസർ പ്രസാദിനേയും ഈ പോകിൽ ജയിൻ ഡെൽഹിക്ക് കൂട്ടിക്കൊണ്ടുപോകുന്നതും.

കേരളത്തിലെ ഭക്ഷ്യക്ഷാമം, തൊഴിലില്ലായ്മ, വികസനപ്രവർത്തനങ്ങളിലെ വിഭവങ്ങൾ, സാമ്പത്തിക പരാധീനത, ഉദ്യോഗസ്ഥാഴിമതി തുടങ്ങി നിരവധി കാര്യങ്ങൾ ജയിൽ ബന്ധപ്പെട്ടവരുടെ മുമ്പിൽ സമർപ്പിക്കുന്നതായിരിക്കും.

കേരളത്തിലെ തൊഴിലില്ലായ്മ അവസാനിപ്പിക്കാനും സാമ്പത്തികവൈഷമ്യങ്ങൾ ലഘൂകരിക്കാനും മദ്യനിരോധനം വേണ്ടെന്നുവെച്ചുണമെന്ന കാര്യം ജയിൻ കേന്ദ്രത്തിൻറെമുമ്പിൽ ശക്തിയായി നിവേദനം നടത്തുമെന്നാണ് ബന്ധപ്പെട്ട കേന്ദ്രങ്ങൾ സൂചിപ്പിക്കുന്നു. അല്ലെങ്കിൽ അതുമല്ല തൊഴിലാളികൾക്ക് ജോലി നൽകാനുള്ള വ്യവസായസംരംഭങ്ങളും മദ്യനിരോധനക്കമ്മീ നികത്താനുള്ള കേന്ദ്രസഹായവും ഉറപ്പുവരുത്താനും ജയിൻ പരിശ്രമിക്കുമെന്നാണ് അറിയാൻ കഴിയുന്നത്. അതിൻ തയ്യാറാവാത്തപക്ഷം ഉത്തരപ്രദേശിൽ നടപ്പാക്കിയതുപോലെ ആദ്യമിൽ ഒരുദിവസം സംസ്ഥാനമൊട്ടുക്ക് മദ്യനിരോധനം നടപ്പാക്കാൻ നിയമത്തിൽ അയവു വരുത്തണമെന്ന് ഗവണ്ണർ ആവശ്യപ്പെട്ടേയ്ക്കും.

കേരളത്തിലേക്ക് ഏതാനും ഐ. എ എസ്. ഉദ്യോഗസ്ഥന്മാരെ കൊണ്ടുവരുന്ന കാര്യവും ഗവണ്ണർ ഈ സന്ദർശനസമയത്ത് ചർച്ചചെയ്യുന്നതായിരിക്കും. ഇതോടെ ചിലരുടെ സ്ഥാനപനവും പ്രതീക്ഷിക്കുന്നുണ്ട്. സംസ്ഥാനത്ത് നിന്നു പുതിയ നിയമനങ്ങളും ഉന്നതസ്ഥാനങ്ങളിലേയ്ക്കും നടത്തുമ്പോൾ ചിലരുടെ അവിഹിതമായ സ്വാധീനംതന്നെ വീർപ്പുമുട്ടിക്കുന്നതിനാൽ അങ്ങിനെയുള്ള ചില താക്കോൽസ്ഥാനങ്ങളിലേക്ക് പുറമേനിന്ന് ഏതാനുംപേരെ കൊണ്ടുവരികയാണ് തന്റെ സൽക്കീർത്തിക്ക് നല്ലതെന്ന് ജയിൻ ഇപ്പോൾ ബോധ്യംവന്നുകഴിഞ്ഞിരിക്കുന്നു. അടുത്തകാലത്തായി ചില നിയമനങ്ങളെ ഇതിന് തനിക്കെതിരെ ഉയർന്നവന്നിരിക്കുന്ന അസുഖകരമായ വാർത്തകൾ ഈ തീരുമാനത്തിനു പ്രേരിപ്പിച്ചിട്ടുണ്ടെന്നും പറയപ്പെടുന്നു

ഭക്ഷ്യകാര്യത്തിൽ ഗവണ്ണർക്കുള്ള ഉൽക്കണ്ഠയറിഞ്ഞാണ് അദ്ദേഹം ഈ സംഭാഷണാവസരത്തിൽ കേന്ദ്രത്തെ അറിയിക്കുന്നതെന്നും ഞായറാഴ്ചത്തെ കേന്ദ്രമന്ത്രിസഭായോഗത്തിനുമുമ്പായി ഈ വിഷയത്തിൽ ഒരു തീരുമാനമുണ്ടാകുമെന്നും ബന്ധപ്പെട്ട കേന്ദ്രങ്ങൾ സൂചിപ്പിക്കുന്നു.

മുടിവെട്ടാറ് ഒരു സ്ത്രീ മരിച്ചു

ബാലരാമപുരം, ഏ. 21

ഇന്നലെ രാത്രി 11 മണിയോടുകൂടി ഇതിനടുത്തു തിട്ടവേലിക്കര എന്ന സ്ഥലത്തുള്ള ഒരു വീട്ടിൽവച്ചുണ്ടായ മുടിവെട്ടാറിന്റെ ഫലമായി ഒരു സ്ത്രീ തൽക്ഷണം മൃതിയടഞ്ഞിരിക്കുന്നു.

മൃതിയടഞ്ഞ 40 വയസ്സോളം പ്രായമുള്ള ദേവകിയാണി എന്ന സ്ത്രീ വലതു കയ്യിലുള്ള ഒരു വലിയ കത്തിയുടെ പ്രഹരമേറ്റാണ് തൽക്ഷണം മരിച്ചുവീണത്. ഇവരുടെ ഭർത്താവ് ശ്രീ. എസ്. നാരായണനാശാരിയുടെ ഭാര്യയാണ്. മരിച്ച സ്ത്രീയുടെ പുത്രി ഇന്ദിര (17 വയസ്സ്) ഗുരുതരമായ മുറിവുകളോടുകൂടി തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടിരിക്കുകയാണ്. മരണപ്രസ്താവം രണ്ടു പുരുഷന്മാർക്കും നിസ്സാരമായ പരുക്കുകളേറ്റിട്ടുണ്ട്.

റയോണിന്റെയും മറ്റും കയറുവില പ്രശ്നങ്ങൾ ബോംബെ സെമിനാർ പര്യാലോചിക്കുന്നു

ന്യൂഡൽഹി, ഏ. 22

കയറുവസ്തുക്കളുടെ റയോണും സിന്തറിക്കും ടെക്സ്റ്റൽസും ഉത്പാദിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഇന്ന് ബോംബെയിൽ ആരംഭിച്ച മൂന്നുദിവസത്തെ സെമിനാർ ചർച്ചചെയ്തിരിക്കുന്നു.

ലോകത്തിലെ സിൽക്ക്-റയോൺ ടെക്സ്റ്റൈൽസിന്റെ ആവശ്യം പരിഗണിച്ചുകൊണ്ടുതന്നെ ഇന്ത്യൻ വ്യവസായത്തിന്റെ താൽപര്യങ്ങൾ കഴിയുന്നത്ര വേഗം വളർത്തിക്കൊണ്ടുവരുന്നതിനുള്ള മാർഗ്ഗങ്ങൾ ഈ സെമിനാർ ചർച്ചചെയ്തിരിക്കുന്നു.

....o....

തായ്ലണ്ടിൽ ഗറില്ലാ വിപ്ലവം സംഘടിപ്പിക്കുന്നു

ചീനയുടെ രക്തദാഹം കലശലായി

ന്യൂഡെൽഹി, ഏപ്രിൽ 22

തായ്ലണ്ടിന്റെ ഉത്തര, ഉത്തര-പൂർവ്വ, ദക്ഷിണഭാഗങ്ങളിലെ ചൈനീസ് കമ്മ്യൂണിസ്റ്റുകളുടെ നഴഞ്ഞുകയറ്റ വിപത്തിനെ നേരിടുന്നതിന് ഈ പ്രദേശങ്ങളിലെ രാജ്യരക്ഷാനടപടികളും ശക്തിപ്പെടുത്തുവാൻ 80 ലക്ഷം ഡോളറിന്റെ ഉപധനാഭ്യർത്ഥന ഈയിടെ തായ്കോൺസ്റ്റിറവും അസംബ്ളിയിൽ പാസ്സാക്കപ്പെട്ടിരിക്കുന്നു.

ഈ നഴഞ്ഞുകയറ്റം തായ്ലണ്ടിന്റെ സ്വാതന്ത്ര്യത്തിന് ഒരു അപകടമായിത്തീർന്നിരിക്കുന്നുവെന്ന തായ്പ്രധാനമന്ത്രി തായ്അസംബ്ലിയിൽ പ്രസ്താവിച്ചു. 'ദക്ഷിണ വിയറ്റ്നാമിലെ യുദ്ധത്തിന്റെ മാതൃകയിൽ' തായ്ലണ്ടിൽ ഒരു ഗറില്ലായുദ്ധം തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നതായി പറഞ്ഞിട്ടുണ്ട് മുമ്പുചെയ്ത പ്രഖ്യാപനമാണ് തന്നെ കൂടുതൽ വ്യാകുലപ്പെടുത്തുന്നതെന്ന് അദ്ദേഹം പറഞ്ഞു.

തായ്ലണ്ട് ചൈനയുടെ അതിർത്തിയിലല്ലെങ്കിലും, ബർമ്മാ, ലാവോസുവഴി ചൈനയുടെ യുനാൻ പ്രവിശ്യയിൽനിന്നുള്ള നഴഞ്ഞുകയറ്റക്കാർക്ക് അവിടെയെത്താൻ കഴിയുമെന്ന് ഒരു ഫോങ്കോങ് പത്രമായ ചൈനാമെയിൽ എഴുതുന്നു.

പത്രം ഇപ്രകാരം തുടരുന്നു: ഈയിടെ ചൈനയുടെ ഒരു പ്രമുഖ 'സൈക്യാട്രിസ്റ്റ്' ഉദ്യോഗസ്ഥനായ ചൗഹിങ്കിനെ യുനാൻ ഗവണ്മെന്റായി നിയമിക്കുകയുണ്ടായി. പൊതുജന സുരക്ഷിതത്വത്തിന്റെ മുമ്പത്തെ ഡെപ്യൂട്ടി മന്ത്രിയായിരുന്ന അയാൾ. വിദൂരസ്ഥമായ ഷാൻങ്ങിൽനിന്നു കൊണ്ടുവന്ന ചൗവിനെ പ്രത്യേകതരം മുതലകൾ ഏല്പിച്ചിരിക്കുന്നു. അടുത്തകാലംവരെ അയാൾ ഷാൻടങ്ങ് മിലിട്ടറി ഏരിയാ കമാൻഡിന്റെ പൊളിറ്റിക്കൽ കമ്മീഷ്ണർ, ആയി പ്രവർത്തിക്കുകയായിരുന്നു.

മകളിലായിട്ടാണ് അയാളെ നിയമിച്ചിരിക്കുന്നത്.

കഴിഞ്ഞ ഏതാനും മാസങ്ങളായി ചൈനയിലെ പല ഉന്നതനേതാക്കന്മാരും യുനാൻ സന്ദർശിച്ചതായി പത്രം ചൂണ്ടിക്കാണിക്കുന്നു. ചൈനയുടെ ഉന്നതാധികാരസൈനിക സമിതിയായ കേന്ദ്രീയ പ്രതിരോധ കൗൺസിൽ അംഗമായ യുനാൻ പ്രവിശ്യയിലെ ജനറൽ-കമാൻഡിംഗ് ലഫ്റ്റനന്റ് ജനറൽ ലി ചെങ്-പാങ്ങ് നിയമിക്കപ്പെട്ടു.

'ചൈനീസ് വിപത്ത്' അയൽരാജ്യങ്ങൾക്ക് ചൂണ്ടിക്കാണിച്ചുകൊടുത്തുകൊണ്ട് പത്രം ഇപ്രകാരം തുടരുന്നു: യുനാൻ അതിർത്തിക്കപ്പുറത്ത് ലാവോസിലും ബർമ്മയിലും വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിലൂടെ സ്ഥാപിച്ച ഗവണ്മെണ്ടുകൾക്കെതിരായി അവിടത്തെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾക്ക് ചൈന പരസ്യമായും രഹസ്യമായും സഹായം നൽകിവരുന്നു. ഉദാഹരണമായി, ബർമ്മയുമായി സൗഹാർദ്ദബന്ധം പുലർത്തിക്കൊണ്ട് സിവിൽഭരണത്തിനെതിരെ സായുധവിപ്ലവം നടത്തുന്ന "വൈറ്റ് ഫ്ലാഗ്" കമ്മ്യൂണിസ്റ്റുകളുമായി ചൈന ഉറ്റബന്ധം പുലർത്തി.

.....

സെക്രട്ടേറിയറ്റിൽ കൈക്കൂലി ഭ്രതങ്ങാം അലഞ്ഞുതിരിഞ്ഞു നടക്കുന്നു

സസ്പെൻഷൻ കാലത്തു ചെയ്യാൻ ഒരു "ഡെപ്പടി" 2000 ക. "സന്തോഷം" ചോദിച്ചു

തിരു. ഏപ്രിൽ 21

തിരുവനന്തപുരം സെക്രട്ടറിയേറ്റിലെ ഒരു ഡെപ്യൂട്ടി സെക്രട്ടറി തന്റെ മേൽപ്പറഞ്ഞവന്ന ഒരു കീഴുദ്യോഗസ്ഥന്റെ സസ്പെൻഷൻ സംബന്ധിച്ച ഫയൽ അനുകൂലമായി പാസ്സാക്കി കൊടുക്കുന്നതിനു രണ്ടായിരം രൂപ സന്തോഷം രൂപശ്യപ്പെട്ടതായ സംഭവജനകമായ ഒരു വാർത്ത കഴിഞ്ഞ രണ്ടുദിവസമായി ഇവിടെ വലിയ ചർച്ചാവിഷയമായിരിക്കുന്നു. കാര്യം പുറത്തിൽ നേടിക്കൊടുക്കണം എങ്കിൽ 2000 ക. പാരിതോഷികം നൽകണമെന്നു ഈ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട കക്ഷിയോടാവശ്യപ്പെട്ടത്രേ, ഏതായാലും സംഭവം കൊടുക്കാൻ തയ്യാറല്ലെന്ന കക്ഷി ഈ ഉദ്യോഗസ്ഥനോടു വിട്ടു പറഞ്ഞു. കക്ഷിയെ അങ്ങനെ വെറുതെ വിടരുതെന്നായി ഉദ്യോഗസ്ഥൻ അത്യുന്നതമായ ഒരു 'കൊറി' ഫയലിൽ രേഖപ്പെടുത്തി. ഡിപ്പുട്ടിയായി അദ്ദേഹത്തിനുമായ ഉദ്യോഗസ്ഥൻ അത്രയ്ക്കുമുള്ള പാരിതോഷികം ആവശ്യപ്പെട്ടതിനെതിരായി നോട്ടെഴുതണമെന്നു സെക്രട്ടറിയെ വിളിച്ചു പദേശിക്കുകയും ചെയ്തു. കൊറിയും, റിപ്പോർട്ടും, നോട്ട്സുമായി മാസങ്ങളും പലതുകഴിഞ്ഞു. അവസാനം നാലുപാടുമുള്ള ദീർഘമായ ഒരു റിപ്പോർട്ടവന്നു. സസ്പെൻഷൻകാലത്തെ ശമ്പളം ഹരജിക്കാരനു നൽകുതെന്നു പ്രത്യേകം രേഖപ്പെടുത്തുകയും ചെയ്തുവത്രെ. ഈ കേസ്സിൽ കോടതിയിൽ പോയാൽ പരാതിക്കാരനു വേണ്ടിവന്നു ചില വൈകിലും തനിക്കതനുകൂലമാകുമെന്നും എങ്കിൽ സമയനഷ്ടമൊഴികെ ഒരിക്കാമെല്ലാ പുനഃമാതൃനെയും ഉദ്യോഗസ്ഥന്റെ ചോദ്യം.

ഈ വകുപ്പുദ്യോഗസ്ഥനെ കരുതിക്കൂട്ടിയുള്ള കാലതാമസംകൊണ്ടോ രണ്ടു ഉദ്യോഗസ്ഥന്മാരുടെ കഴിഞ്ഞ 5 കൊല്ലത്തെ ശമ്പളം ലഭിക്കാത്തതാണ് ഫയലിനെ പ്രസക്തഭാഗം ഈ കൈസ്സിന്റെ വിവരങ്ങളാം അഡൈഡസർ ഗോവിന്ദനാരായണനെ ശ്രദ്ധയിൽ പെട്ടിട്ടുള്ളതായി അറിയുന്നു. എന്തു നിലപാടാണ് ഈ കാര്യത്തിൽ സ്വീകരിക്കുമെന്ന് ഇവിടെ ജനങ്ങൾ താൽപര്യപൂർവ്വം വീക്ഷിച്ചുകൊണ്ടിരിക്കുകയാണ്.

.....o.....

കത്തോ: കോൺഗ്രസ്സ് പ്രസി: തെരഞ്ഞെടുപ്പ്

പ്രസിഡണ്ട് സ്ഥാനത്തേയ്ക്ക് വിതയത്തിലും ഇ. പി. വർഗ്ഗീസും മത്സരിക്കുന്നു

വൈ: പ്രസിഡണ്ട്, ട്രഷറർ എന്നീ സ്ഥാനങ്ങളിലേയ്ക്ക് സി. എം. ജോണും എം. സി. ചാക്കോയും എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു

സ്വ ലേ. കോട്ടയം, ഏ. 21

അ. കെ. കത്തോലിക്കാ കോൺഗ്രസിന്റെ പ്രസിഡണ്ട് തെരഞ്ഞെടുപ്പിനു നോമിനേഷൻ സമർപ്പിച്ചിരുന്ന 5 പേരിൽ ഡെവ. ജോസഫ് വിതയത്തിൽ ഈ. പി വർഗീസ് ഇവരെഴിവാക്കിയുള്ള 3 പേർ നാമനിർദ്ദേശപത്രിക പിൻവലിച്ചിരിക്കുന്നു. മെ. കെ. ജെ. ജേക്കബ്ബ് സി. എം. ജോൺ ചെറുകര പി. സി. ഏബ്രാഹം പള്ളിവാതുക്കൽ ഇവരാണ് നാമനിർദ്ദേശപത്രിക പിൻവലിച്ചവർ ജ. സെക്രട്ടറി സ്ഥാനത്തേയ്ക്കുള്ള സ്ഥാനാർത്ഥികളിൽ ശ്രീ. കെ. എം. ജോസഫ് മാത്യു പള്ളിത്താനം എന്നിവരൊഴികെയുള്ള 3 പേർ പിൻമാറി. മെ. എ. മാരേട്ട് ഈ എം ജോസഫ് സി എം ജോൺചേറുകര ഇവരാണ് ഈ 3 പേർ.

വൈസ് പ്രസിഡണ്ട് സ്ഥാനത്തേക്കു സി എം ജോണിനെയും ട്രഷറായി എം. സി. ചാക്കോ മാത്രമത്തിയേയും എതിരില്ലാതെ തെരഞ്ഞെടുത്തിരിക്കുന്നു. ഏ. 29നാണ് തിരഞ്ഞെടുപ്പ്.

—o—

ആക്ഷേപങ്ങളും ആവശ്യങ്ങളും

വിഷവൈദ്യശാല സ്ഥാപിക്കണം

അമ്പലപ്പുഴനഗർ പഞ്ചായത്തു് അതിർത്തിയിൽ ഒരു വിഷവൈദ്യശാലയില്ലാത്തതിനാൽ ഇവിടങ്ങളിൽ സാധാരണയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന വിഷബാധയിൽനിന്നും രക്ഷ നേടുന്നതിനു് വളരെ ബുദ്ധിമുട്ടായിരിക്കുകയാണു്. ടൗൺപ്ലോട്ട് സൈരന്ധ്രംപോലും ഇല്ലാത്ത നാഴികകളോളം നീണ്ടുകിടക്കുന്ന മലയോരങ്ങളിൽനിന്നും, കുന്നുകളിൽനിന്നും വിഷബാധയേറ്റു് ചികിത്സക്കായി അനേകം നാഴികകൾക്കപ്പുറത്തുള്ള വിഷവൈദ്യന്റെ അടുക്കൽ എത്തിക്കഴിയുമ്പോഴേക്കു്, ആതുരം മരിച്ചുകഴിഞ്ഞിരിക്കും.

ഈ പഞ്ചായത്തു് അതിർത്തിയിൽ ഒരു ഗ്രാമർ-ഇൻ-എയിഡു് വിഷവൈദ്യശാല സ്ഥാപിക്കുവാൻ, മുഖ്യ ഇവിടത്തുകാർ അപേക്ഷിച്ചിട്ടുണ്ടെന്നു് എന്തോചിലനടപടികളുണ്ടായിട്ടുണ്ടെന്നല്ലാതെ ഒരു വൈദ്യശാല പ്രവർത്തിച്ചു കണ്ടില്ല.

ആയതുകൊണ്ടു് ഇവിടത്തെ ജനങ്ങളുടെ കഷ്ടപ്പാടുകളെ അനുഹിക്കുന്ന വിധത്തിൽ അധികാരി വർഗ്ഗം കണക്കിലെടുത്തുകൊണ്ടു് അമ്പലപ്പുഴനഗർ പഞ്ചായത്തു് അതിർത്തിയിൽ ഒരു ഗ്രാമർ-ഇൻ-എയിഡു് ഡിസ്പെൻസറി സ്ഥാപിക്കുവാൻ വേണ്ടതായ നടപടികളും സ്വീകരിക്കണം.

മല്ലുപേട്ട നാട്ടുകാരൻ

തിരൂർ-അരണാട്ടുകര-വാടാനപ്പള്ളി വഴി ബസ്സ് വേണം

വളരെയധികം യാത്രക്കാരുള്ള വാടാനപ്പള്ളി-അരണാട്ടുകര ലൈനിൽ ഒരു ബസ്സുപോലും ഇല്ലാത്തതുമൂലം യാത്രക്കാരനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കുറച്ചൊന്നുമല്ല. ഏനാമ്മാവു്-തൃശ്ശൂർ ലൈനിലെ രണ്ടു ബസ്സുകളും പടിഞ്ഞാറോട്ടു് അരിമ്പൂർവരെമാത്രം എത്തുന്ന ഒരു ട്രയൽ ബസ്സും മാത്രമാണു് ഇപ്പോൾ അരണാട്ടുകരവഴി കടന്നുപോകുന്നതായിട്ടുള്ളതു്. തനുമൂലം കാഞ്ഞാണിക്കു് പടിഞ്ഞാറുഭാഗത്തുള്ള യാത്രക്കാക്കു് കാഞ്ഞാണിയിലിറങ്ങുകയല്ലാതെ നിവൃത്തിയില്ലാതായി. അതേസമയം, ഏനാമ്മാവിൽനിന്നുള്ള രണ്ടു ബസ്സുകളിലും എപ്പോഴും നിറയെ യാത്രക്കാരുണ്ടെന്നുള്ളതു തന്നെ, വാടാനപ്പള്ളിയിൽനിന്നും അരണാട്ടുകരവഴി തൃശ്ശൂക്കു് ഒരു ബസ്സെങ്കിലും ആവശ്യമാണെന്നു് വ്യക്തമാക്കുന്നുമുണ്ടു്. കണ്ടശ്ശാംകടവു് പാലം നടപ്പിലായിരിക്കുന്ന ഇപ്പോഴും മുതലെങ്കിലും വാടാനപ്പള്ളിയിൽനിന്നും അരണാട്ടുകരവഴി തൃശ്ശൂക്കു് ഒരു ബസ്സു് സർവ്വീസ് അനുവദിക്കുവാൻ ദയവുണ്ടാകണമെന്നു് അധികാരപ്പെട്ടവരോടു് അഭ്യർത്ഥിച്ചുകൊള്ളുന്നു.

കണ്ടശ്ശാംകടവു്, ഒരു യാത്രക്കാരൻ

.....o.....

ഇരിങ്ങാലക്കുട മുനിസിപ്പൽ കൌൺസിൽ

ഇരിങ്ങാലക്കുട, ഏ. 21

മുനിസിപ്പൽ കൌൺസിലിന്റെ ഒരു യോഗം ചെയർമാന്റെ അദ്ധ്യക്ഷതയിൽകൂടി ഏതാനും ഗവമേണ്ടുത്തരവുകൾ വായിച്ചു റിക്കാർഡാക്കി, മാർച്ചുമാസത്തെ സ്റ്റാൻഡിങ്ങുക്കമ്മറി മീറ്റിങ്ങു പ്രൊസ്ഡിങ്ങുസ് പാസാക്കി. താല്കാലിക വാച്ചിനോറർവരെ നിയമനം അംഗീകരിച്ചു. കാനകം കെട്ടുന്നതിനും കളങ്ങളും നന്നാക്കുന്നതിനുമായുള്ള ഏതാനും വ്യക്തികളുടെ അപേക്ഷകം അനുവദിച്ചു. മുനിസിപ്പൽ ആഫീസിനടുത്തുള്ള വിഷവൈദ്യശാലക്ക് ഗ്രാന്റ് നൽകുവാൻ തീരുമാനിക്കുകയുണ്ടായി ഗവമേണ്ടിൽനിന്നും ലഭിച്ച ലോൺ സംഖ്യകൊണ്ടു് ടാറിടേണ്ട റോഡുകളുടെ കാര്യത്തെപ്പറ്റിയുള്ള സ്റ്റാൻറിങ്ങു കമ്മറ്റി റിപ്പോർട്ട ചർച്ചകൂടാതെ അംഗീകരിച്ചു.

[സ്വ ലേ]

തെങ്ങിൽനിന്നു വീണു

ഇരിങ്ങാലക്കുട, ഏ. 21

വെള്ളാങ്ങല്ലൂരിൽനിന്നും തെങ്ങിൽനിന്നും വീണു കാലൊടിഞ്ഞുനിലയിൽ ലോനപ്പനെന്ന കരാളെ ഇവിടെ ആസ്പത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നു.

[സ്വ ലേ]

പ്രതിരോധ ഉദ്യോഗസ്ഥന്മാർക്ക് ഇൻഡസ്ട്രിയൽ മാനേജ്മെന്റ പരിശീലനം

ന്യൂഡൽഹി ഏപ്രിൻ 21

പ്രതിരോധ സപ്ലൈസുകളിലെ ഉദ്യോഗസ്ഥന്മാരെവേണ്ടി ഇൻഡസ്ട്രിയൽ മാനേജ്മെന്റിൽ ഒരു മാസത്തെ കോഴ്സ് കേന്ദ്രപ്രതിരോധ ഡെപ്യൂട്ടി മന്ത്രി ഡോ: ഡി. എസ്. രാജു ഉൽഘാടനം ചെയ്തു. ദേശീയ ഉല്പാദനക്ഷമതാകൗൺസിലുമായി സഹകരിച്ച് പ്രതിരോധവകുപ്പിലെ പുനരധിവാസ ഡയറക്ടറേറ്റ് ജനറൽ സംഘടിപ്പിക്കുന്ന ഈ കോഴ്സിൽ 35 ഉദ്യോഗസ്ഥന്മാർ സംബന്ധിക്കുന്നുണ്ട്. ഇതിനുമുമ്പ് ഇത്തരം രണ്ടു കോഴ്സുകളം രൺവേകളുടെ നിർമ്മാണം, വൈദ്യുതി സക്കലംകൊണ്ട് പുതിയ കരകൗശലത്തിനും നടത്തിയിരുന്നു.

1962-ൽ നടത്തിയ ഒരവലോകനത്തിൽനിന്ന് തല്പന്നം നഗരിയിൽ ഗവമെണ്ടുപ്പുസകൾക്ക് ആകെള്ളടി 40 ലക്ഷം ചതുരശ്രയടി സ്ഥലം ആവശ്യമുണ്ടെങ്കിലും ശരിക്കു 15.35 ലക്ഷം ചതുരശ്രയടിസ്ഥലം കേന്ദ്രഗവർമെണ്ടിനിൻറെ യഥാർത്ഥ ഉടമസ്ഥതയിലുള്ളതാണെന്നു കാണുകയുണ്ടായി. ബാക്കി ആവശ്യങ്ങൾക്കുള്ളതു വാടകയ്ക്കെടുത്ത കെട്ടിടങ്ങളിലോ താൽക്കാലികമായി കെട്ടിയുണ്ടാക്കുന്ന ഷെഡുകളിലോ ആണു് പ്രവർത്തിക്കുന്നതു് എന്നു് ശ്രീ ഖന്ന ചൂണ്ടിക്കാട്ടി.

....

കേന്ദ്ര ഗവർമ്മെണ്ടാഫീസുകൾക്ക് സ്ഥലമെടുക്കാൻ 10 കോടിക ചിലവഴിക്കുന്നു

മെഹർചന്ദ് ഖന്നയുടെ പ്രസ്താവന

ന്യൂഡൽഹി, ഏ. 21

കേന്ദ്ര ഗവർമെണ്ടാപ്പീസുകൾക്കു സ്ഥാപിക്കാൻ നിശ്ചിച്ചവരുന്ന പല നിലയിലുള്ള വിവിധ കെട്ടിടങ്ങളുടെ പണി ഈകൊല്ലം പൂർത്തിയാക്കുമെന്നും അതോടെ തലസ്ഥാനനഗരിയിൽ കൂടുതലായി ഏകദേശം 19.5 ലക്ഷം ചതുരശ്രയടി സ്ഥലം ആപ്പീസാവശ്യങ്ങൾക്ക് ലഭിക്കുമെന്നും മരാമത്തു ഭവനനിർമ്മാണവകുപ്പുമന്ത്രി ശ്രീ. മെഹർചന്ദ് ഖന്ന പ്രസ്താവിച്ചിരിക്കുന്നു.

രാഷ്ട്രമാഗ്രഹത്തിൽ പലനിലകളുള്ളതായൊരു ആപ്പീസുകെട്ടിടം ഉദ്ഘാടനംചെയ്യുന്നതു സംബന്ധിച്ചു ചോദിൽ പ്രസംഗിക്കുകയായിരുന്ന മന്ത്രി, രാജരാക്ഷാവകുപ്പുമന്ത്രി ശ്രീ. വൈ. ബി. ചവ്യനാണ് കെട്ടിടത്തിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചതു്.

കേന്ദ്രഗവർമെണ്ടാപ്പീസുകൾക്ക് സ്ഥലം നൽകാൻ 1962 ലാണ് ഒരു ഊജ്ജിതപരിപാടി ഏറെറടുത്തതെന്നു് ശ്രീ ഖന്ന ചൂണ്ടിക്കാട്ടി. ഏതാണ്ടു് 10 കോടിക ചെലവുവരുന്ന ഈ പരിപാടിയനുസരിച്ചു് ആഫ്സാവശ്യങ്ങൾക്കു് കൂടുതലായി മൊത്തം 25.63 ലക്ഷം ചതുരശ്രഅടി സ്ഥലംകിട്ടും. ഈ പരിപാടിയനുസരിച്ചുള്ള എല്ലാ കെട്ടിടങ്ങളും നടപ്പുപദ്ധതിയുടെ അന്ത്യത്തോടെ പൂർത്തിയാക്കുന്നതാണു്.

അടിയന്തിരാവസ്ഥയുടെ തന്റെ വരവു് ആകെ 17 കോടിക ചെലവുചെയ്തു് വിവിധസ്ഥലങ്ങളിൽ ഏഴു വിമാനത്താവളങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്നു് മന്ത്രി അറിയിച്ചു. പ്രത്യേക ശ്രദ്ധയും ചെയ്യുന്നകാരണം റൺവേകളുടെ നിർമ്മാണം വൈകുകയോ അപൂർണ്ണമായിക്കിടക്കുകയോ ഉണ്ടായിട്ടില്ലെന്നു് മന്ത്രി പ്രസ്താവിച്ചു.

പ്ലാനിങ്ങ് കമ്മീഷൻ മെമ്പറായ പ്രൊഫസർ എം. എസ്. താക്കർ യോഗത്തിലദ്ധ്യക്ഷത വഹിച്ചു. ആരോഗ്യമന്ത്രി ഡോ: സുശീലാനയ്യർ, മരാമത്തു്-ഭവനനിർമ്മാണ മന്ത്രി ശ്രീ. മെഹർചന്ദ് ഖന്ന തുടങ്ങിയവർ, ആന്ധ്ര, മൈസൂർ, പശ്ചിമബംഗാൾ എന്നിവിടങ്ങളിലെ മന്ത്രിമാർ എന്നിവരും യോഗത്തിൽ പങ്കെടുത്തിരുന്നു.

നാലാംപദ്ധതിക്കാലത്തു് പ്രത്യേകിച്ചു് ഗ്രാമീണ ജനങ്ങൾക്കിടയിൽ, കുടുംബാസൂത്രണ പരിപാടി പ്രചരിപ്പിക്കാനുള്ള നടപടികളെക്കുറിച്ചു് കമ്മറ്റി പഠിഗണിച്ചു.

നാലാംപദ്ധതിയിലെ ഭവനനിർമ്മാണപരിപാടികളും കമ്മറ്റി അംഗീകരിച്ചു. കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും ഭവനനിർമ്മാണ ബോർഡുകളും ഉണ്ടായിരിക്കണമെന്നും ഭവനനിർമ്മാണത്തിനു് നീക്കിവയ്ക്കുന്ന തുക പൂർണ്ണമായി ഉപയോഗപ്പെടുത്തണമെന്നും കമ്മറ്റി നിർദ്ദേശിച്ചു.

വൻതോതിലുള്ള ചേരിനിർമ്മാജ്ജന പരിപാടി നടപ്പിലാക്കാൻ പേരിപ്രദേശങ്ങളും കൈവശപ്പെടുത്തുന്നതിനു സഹായകമായ നിയമനിർമ്മാണം സംസ്ഥാനങ്ങളും നടത്തണമെന്നും, ഉപ്പുകാർ ഗ്രഹീകരണംപോലെ കിഴക്കൻ എന്നിവയുള്ള ഭവനനിർമ്മാണത്തിനു് പട്ടണങ്ങളിൽ മൻഗണന നൽകണമെന്നും കമ്മറ്റി നിർദ്ദേശിച്ചു.

സംസ്ഥാന ഭവനനിർമ്മാണ മന്ത്രിമാർ അഗ്രങ്ങളായും പ്രൊഫസർ താക്കർ അദ്ധ്യക്ഷനായും ഉള്ള ഒരു കമ്മറ്റിയെ ഭവനനിർമ്മാണത്തിനും ഭൂമി അക്വയർ ചെയ്യുന്നതും സംബന്ധിച്ച നടപടികളും പരിശോധിപ്പിക്കാൻ ഗ്രൂപ്പാർശ സമർപ്പിക്കാൻ വേണ്ടി നിയമിച്ചിട്ടുണ്ടെന്നു് യോഗത്തിൽ വെളിപ്പെടുത്തുകയുണ്ടായി.

ജലവിതരണപദ്ധതികൾക്കു് മുൻഗണന

എൻ. ഡി. സി. കമ്മറിയുടെ ശുപാർശ

ന്യൂഡൽഹി, ഏ 22

സാമൂഹ്യനേവനം സംബന്ധിച്ച എൻ. ഡി. സി. കമ്മറി, നാലാംപദ്ധതിയിലെ ആരോഗ്യ പരിപാടികളിൽ ജലവിതരണപദ്ധതികൾക്കു് ഉയർന്ന മുൻഗണന നൽകണമെന്നു് ശുപാർശ ചെയ്യുകയുണ്ടായി. ജലനിതരണം-ജലനിർഗ്ഗമന പരിപാടികളെ സംയോജിപ്പിക്കണമെന്നും അവശ്യമുള്ള തുക മാറാവശ്യപ്രകാരം വിലവഴിയ്ക്കുന്നുതെന്നും കമ്മറി നിരദ്ദേശിച്ചു.

ടേശി

ബിർളയുടെ ബിരിയാണി നന്ദയുടെചങ്കിൽകുടുങ്ങുന്നു

കൽക്കട്ടയിലെ ന്യൂപാചിതാധംബാ സ്വീകരണം തലസ്ഥാനത്തു് ചർച്ചാവിഷയം

ന്യൂഡൽഹി ഏപ്രിൽ 20

ഇന്ത്യൻ വാണിജ്യമണ്ഡലത്തിന്റെ യോഗത്തിൽ പ്രസംഗിക്കാൻ വ്യവസായ പ്രമുഖനായ ജി. ഡി. ബിർളയുടെ ക്ഷണം സ്വീകരിച്ച കേന്ദ്ര ആഭ്യന്തരമന്ത്രി ഗുൽസാരിലാൽ നന്ദ ഇയിടെ കൽക്കട്ടായിൽ പോയതു തലസ്ഥാനനഗരിയിൽ വലിയ സംസാരവിഷയമായിരുന്നു.

കള്ളപ്പണം കണ്ടെടുക്കാനുള്ള ധനകാര്യമന്ത്രി ടി ടി. കൃഷ്ണമാചാരിയുടേയും അഴിമതി നിവാരണം ചെയ്യുന്നതിനുള്ള നന്ദയുടെയും നടപടികളും വ്യവസായികളെ വളരെയേറെ അസ്വസ്ഥരാക്കിയിട്ടുണ്ടെന്നും അതുമൂലം ഗവണ്മെന്റിന്റെ ഈ നടപടികളും ബിർളക്ക് അസൂയുണ്ടാക്കിയിട്ടുണ്ടെന്നുമുള്ളതു് ഇവിടെ സംസാരവിഷയമാണു്.

ബങ്കാറിഗവണ്മെന്റു് ഇന്ത്യൻ പ്രതിരോധച്ചെലവുകൾക്കുപയോഗിച്ച ചില മാർഗ്ഗങ്ങൾ വ്യവസായികളെ അറസ്റ്റു ചെയ്തിട്ടുള്ളതും ബിർളയുടേയും ഇപ്പോൾ പ്രോത്സാഹനം നൽകിവരുന്നതുമായ ചില വ്യവസായികളോടു മുഖ്യമന്ത്രി സെന്നിനു പ്രത്യേക വിരോധമുള്ളതുകൊണ്ടാണു് മറ്റേ സംസ്ഥാനമുഖ്യമന്ത്രിമാർ റേഷനിംഗ് നടപ്പാക്കുന്നതിൽ തല്പര്യം കാണിക്കാതിരുന്നപ്പോൾ അദ്ദേഹം കല്ലുകടിയായിൽ അതു നടപ്പിലാക്കിയതെന്നും ബിർളാ വിശ്വസിക്കുന്നുണ്ടത്രേ. ഇന്ത്യയിലെ ഒരു പ്രമുഖ വ്യവസായി ബോർഡ്സ് എന്ന കമ്പനി ഏറ്റെടുക്കാൻ ശ്രമിച്ചപ്പോഴും പശ്ചിമബംഗാളും ഗവണ്മെൻറിനു് അതേറ്റെടുക്കുവാൻ താല്പര്യമുണ്ടെന്നും അതുകൊണ്ടു് അക്കാര്യം ആദ്യം പരിഗണിക്കണമെന്നും ടി. ടി. കെയോടാവശ്യപ്പെട്ടതുസെന്നിനോടു വ്യവസായികൾക്കു് അമഷ്യമുണ്ടാകാൻ മറ്റൊരു കാരണമാണത്രെ.

ഏതായാലും ബിർളായുമായുള്ള ഈ കൂടിക്കാഴ്ചയോടുകൂടി കോൺഗ്രസ്സിനകത്തെ സോഷ്യലിസ്റ്റ് ഫോറത്തിൽനിന്നും ആഭ്യന്തരമന്ത്രി വിടവാങ്ങുമെന്നാണു് അറിയാൻ കഴിഞ്ഞിട്ടുണ്ടു്.

.....

വിയറ്റ്നാം പ്രശ്നം

അമേരിക്കൻ നിലപാടു് വിശദീകരിക്കുന്ന ലഘുലേഖകൾ

സെയ്ഗോൺ, ഏ. 21

അമേരിക്കയും ദക്ഷിണവിയറ്റ്നാമും തയ്യാറാക്കിയ പതുലക്ഷത്തിൽപരം ലഘുലേഖകൾ വിമാനത്തിൽനിന്നു് ഉത്തരവിയറ്റ്നാം നഗരങ്ങളിൽ തിങ്കളാഴ്ച വിതരണയുണ്ടായി.

ഈ ലഘുലേഖകളിൽ, ദക്ഷിണപൂർവ്വ ഏഷ്യയിൽ അമേരിക്കയുടെ നയം വ്യക്തമാക്കിക്കൊണ്ടു് ഏപ്രിൽ 7-ാംതീയതി പ്രസിഡണ്ടു് ജോൺസൺ ചെയ്ത പ്രസംഗത്തിൻറെപൂർണ്ണരൂപവും വിയറ്റു് കോംഗ് ഒളിപ്പോരിനെപ്പറ്റി ദക്ഷിണവിയറ്റ്നാം ഗവണ്മെൻറ് പുറപ്പെടുവിച്ച ഒരു കമ്മ്യൂണിക്കേയും അടങ്ങിയിരുന്നു.

കഴിഞ്ഞവാരം ദക്ഷിണവിയറ്റ്നാം ഗവണ്മെൻറ് തയ്യാറാക്കിയ ലഘുലേഖകം ഉത്തരവിയറ്റ്നാമിലെ പല നഗരങ്ങളിലും വിമാനമാർഗ്ഗം വിതരണയുണ്ടായി. ഉത്തരവിയറ്റ്നാമിൽ നടത്തുന്നവിമാനാക്രമണങ്ങൾ കമ്യൂണിസ്റ്റ് സൈനികലക്ഷ്യങ്ങൾക്കെതിരായി മാത്രമാണെന്നും ദക്ഷിണവിയറ്റ്നാമിലെ കമ്യൂണിസ്റ്റ് ആക്രമണം അവസാനിപ്പിക്കുകയാണു് ഈ വിമാനാക്രമണലക്ഷ്യമെന്നും ഈ ലഘുലേഖകളിൽ പറഞ്ഞിരുന്നു.

പി. ആറും പരിവാരവും "മാതൃ"സംഘടനയിലേയ്ക്കു്

[സ്വ. ലേ] തൃശ്ശൂർ, ഏ. 21

തൃശ്ശൂർ ഡി സി. സി. സെക്രട്ടറി എ. ടി. വർഗ്ഗീസിന്റെ നേതൃത്വത്തിൽ കോൺഗ്രസ്സിൽനിന്നും കേരളാ കോൺഗ്രസ്സിൽ ചേർന്ന 35-ഓളം കോൺഗ്രസ്സുകാരെ പിന്തുടർന്നുകൊണ്ടു് കോൺ. നേതാവും ഡി. സി. സി. പ്രസിഡണ്ടുമായ പി. ആർ. ഫ്രാൻസീസിന്റെ നേതൃത്വത്തിൽ മറ്റൊരു സംഘം കോൺഗ്രസ്സുകാർ അടുത്തുതന്നെ കേരളാ കോൺഗ്രസ്സ് പാളയത്തിലേയ്ക്കു് നീങ്ങുമെന്നു് വിശ്വാസയോഗ്യമായി അറിയുന്നു.

ഇതുസംബന്ധിച്ച ആലോചനകൾക്കു കേരളാ കോൺ. നേതാവായ കെ. പി. പോളിയുടെ നേതൃത്വത്തിൽ തൃതിയായി നടന്നുവരുന്നുണ്ടു്. തിരുവനന്തപുരത്തെ "സേവിയേഴ്സ്" അനക്സിൽവെച്ചു് പോളിയും ഫ്രാൻസീസും തമ്മിൽ നടന്ന ചർച്ചയുടെ ഫലമാണു് കേരളാ കോൺഗ്രസ്സിലേയ്ക്കുള്ള ഈ പുതിയ പ്രവാഹത്തിന്റെ അടിസ്ഥാനമെന്നു് കരുതപ്പെടുന്നു. ഒല്ലൂരിൽ നേരിട്ട പരാജയം കോൺഗ്രസ്സിൽ ഫ്രാൻസിനുള്ള രാഷ്ട്രീയഭാവിയുടെ മരണമണിയായി പരിണമിച്ചിട്ടുണ്ടെന്നും ഇനിയും ടിക്കറ്റ് കിട്ടുന്ന കാര്യം അചിന്ത്യമാണെന്നും ഡി. സി. സി. പ്രസിഡണ്ടു് സ്ഥാനമാണെങ്കിൽ അതിന്റെ കാലാവധി അവസാനിക്കാറായിട്ടുണ്ടെന്നും അതുകൊണ്ടു് രാഷ്ട്രീയ മേൽവിലാസം നിലനിർത്തണമെങ്കിൽ കേരളാ കോൺഗ്രസ്സിൽ ചേരുകയെന്ന ഒരൊറ മാർഗ്ഗമേയുള്ളുവെന്നും ഈ ചർച്ചകളുടെ ഫലമായി ഫ്രാൻസ്സിനു് ബോദ്ധ്യമായിട്ടുണ്ടത്രേ. ചാക്കോ ഗ്രൂപ്പുകാരനെന്നു് പരക്കെ അറിയപ്പെട്ടിരുന്ന ഫ്രാൻസീസ് കേരളാ കോൺഗ്രസ്സിന്റെ ആവിർഭാവത്തോടുകൂടി കാലുമാറി തനി ആഫ്രീസ് കോൺഗ്രസ്സായതു് ഒല്ലൂർ ടിക്കറ്റ് മോഹിച്ചായിരുന്നുവെന്നും അതേ ഒല്ലൂർ ടിക്കറ്റ് വെട്ടത്തിലൂടെ വീണ്ടും കിട്ടുമെന്നുള്ള വിശ്വാസത്തിലാണു് ഫ്രാൻസീസിന്റെ അവസാനത്തെ കുതിച്ചുചാട്ടമെന്നും അഭിപ്രായമുണ്ടു്.

....

കച്ചിൽ ഇന്ത്യൻ തോക്കുകൾ ഉഷാർ

(പി ടി ഐ) ന്യൂഡൽഹി, ഏ 2

സിന്ധ്-കച്ചു് അതിർത്തിയിൽ ഇന്ത്യൻ തോക്കുകൾ കാര്യക്ഷമമായി ഉപയോഗിക്കപ്പെടുന്നുണ്ടെന്നു് പ്രതിരോധമന്ത്രി ചവാൻ ഛഹ്വാരവങ്ങൾക്കിടയിൽ ഇന്നു് ലോകസഭയിൽ പ്രസ്താവിച്ചു.

നമ്മുടെ തോക്കുകൾ പാക്ക് സങ്കേതങ്ങളുടെനേരെ മാത്രമല്ല തിരിച്ചുവെച്ചിട്ടുള്ളതു്. വെടിയുണ്ടകൾക്കു് അതിൽകൂടുതൽ ദൂരം സഞ്ചരിക്കുവാനുള്ള ശേഷിയുണ്ടു്.

സിന്ധ്-കച്ചു് അതിർത്തിയിലെ പാക്ക് വെടിവെപ്പു് പ്രതീക്ഷിച്ചതാണു്. പാക്ക് വെടിവെപ്പിനെ സംബന്ധിച്ചു ഒരു ശ്രുതി തിരിക്കൽ പ്രമേയത്തിനു മന്ത്രി മറുപടി പറയുകയായിരുന്നു.

ഏപ്രിൽ 19 രാത്രിയിൽ പാക്ക് അതിർത്തിയിൽവെച്ചു് ഇന്ത്യൻ കാവൽ സേന ഒരു വലിയ പാക്ക് സേനയുമായി കൂട്ടിമുട്ടി. ഇയ്യിടെയായി പാക്കിസ്ഥാൻ ചെയ്യുന്നതു് അവരുടെ സങ്കേതങ്ങളിൽനിന്നു് ഇന്ത്യൻ സങ്കേതങ്ങളുടെ നേരെ വെടിവെക്കുകയെന്നതാണു്.

സിന്ധ്-കച്ചു് അതിർത്തി പട്ടാളംഏറെത്തോട്ടുകൂടി വളരെ ജാഗ്രതയേടുകൂടി അതിർത്തികാവൽ നടക്കുന്നുണ്ടു്. ഈ കാവൽസേന വളരെ ഉപയോഗപ്രദമായ പ്രവർത്തനമാണു് ചെയ്യുന്നതു്. എവിടെ അവർക്കു് എതിർപ്പുണ്ടാകുന്നുവോ അവിടെയൊക്കെ അവർ അതിനെ കാര്യക്ഷമമായി നേരിടുന്നുണ്ടു്.

....

കടലാക്രമണനിരോധന

(പി. ടി. ഐ.) ആലപ്പുഴ ഏ 22

പാക്കോടു് ഭാഗത്തു് കടലാക്രമണത്തെയുന്നതിനു് 6000 അടി നീളത്തിൽ ഒരു മതിൽ കെട്ടുന്നതിനു് തീരുമാനിച്ചിരിക്കുന്നു.

ഈ ആവശ്യത്തിനായി കേരള ഗവണ്മെന്റു് 15 ലക്ഷം ഉറുപ്പിക അനുവദിച്ചിട്ടുണ്ടു്. ആലപ്പുഴ തീരപ്രദേശത്തു് മറ്റൊരു ഭാഗത്തായി മുന്നൂറടി നീളത്തിൽ ഇപ്പോൾ ഒരു മതിലുണ്ടു്.

തൃശ്ശൂരിലെ അഖിലേന്ത്യാ പ്രദർശനം ഇന്നു് ഉൽഘാടനം ചെയ്യുന്നു

(സ്വ. ലേ) തൃശ്ശൂർ ഏ, 22

തൃശ്ശൂർ പൂരം പ്രദർശനക്കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന അഖിലേന്ത്യാ കാർഷിക-വിദ്യുദ്വ്യാസ-വ്യവസായിക പ്രദർശനം ഏപ്രിൽ 23-നു-ു വെള്ളിയാഴ്ച വൈകുന്നേരം അഞ്ചരമണിക്കു് തേക്കിൻകാടു് മൈതാനിയിൽ കിഴക്കുഭാഗത്തു പ്രത്യേകം സജ്ജീകരിച്ചിട്ടുള്ള പ്രദർശനനഗരിൽവച്ചു് ജസ്റ്റിസ്സു് പി. ഗോവിന്ദമേനോൻ ഉത്ഘാടനം ചെയ്യുന്നതാണു് ഉത്ഘാടനയോഗത്തിൽ ഡാ. കെ. എൻ. പിഷാരടി ആദ്ധ്യക്ഷം വഹിക്കും.

രാജരക്ഷാവകുപ്പു്, വാർത്താവിതരണപ്രക്ഷേപണവകുപ്പു് എന്നീ കേന്ദ്രഗവണ്മെന്റു് വിഭാഗങ്ങളും അവതരിപ്പിക്കുന്ന ഇന്ത്യയുടെ സൈനിക സജ്ജീകരണങ്ങളേയും പ്രതിരോധസന്നാഹങ്ങളേയും പ്രതിപാദിക്കുന്ന വൻ പവലിയനുകളും പുറമെ സംസ്ഥാനഗവണ്മെന്റിന്റെ കീഴിലുള്ള കാർഷിക വകുപ്പു്, പബ്ലിക്കു് റിലേഷൻസ് വക മൃഗരക്ഷണവകുപ്പു് വ്യവസായവകുപ്പു് തുടങ്ങിയവയുടെ ആകർഷകങ്ങളും വിജ്ഞാനപ്രദങ്ങളുമായ പ്രദർശനമന്ദിരങ്ങളും മാനവധി സ്റ്റാളുകളും പ്രദർശനനഗരിയിൽ ഉയർന്നുകഴിഞ്ഞു. പശ്ചിമബംഗാളും തുടങ്ങി ഇതരസംസ്ഥാന ഗവണ്മെന്റു വകസ്ഥാപനങ്ങളും ഈ പ്രദർശനത്തിൽ പങ്കെടുക്കുന്നുണ്ടു്.

....

അമേരിക്കയിലെ ഈസ്റ്റ് ബർളിനും ഈസ്റ്റ് ബർളിനിലെ അമേരിക്കയും

കോഴിക്കോടു്, ഏ 21

പുതിയങ്ങാടി എന്ന പേരു് കേരളത്തിൽ എത്രയോ പ്രദേശങ്ങൾക്കുണ്ടു്. തിരൂർ പുതിയങ്ങാടി, വെസ്റ്റ് ഹിൽ പുതിയങ്ങാടി, മുട്ടം പുതിയങ്ങാടി മുതലായവ. കണ്ണൂരിനടുത്തും കൊടുങ്ങല്ലൂരിനടുത്തും അഴീക്കോടുകളുണ്ടു്. കൊല്ലം തെക്കും വടക്കുമുണ്ടെങ്കിൽ തെക്കൻ കൊല്ലത്തിനടുത്തുമുണ്ടൊരു കോഴിക്കോടു്. തിരൂർ തൃശ്ശൂരിനടുത്താണു്. താനൂരിനടുത്തു മറ്റൊരു തിരൂരുണ്ടല്ലോ. കോട്ടയം തലശ്ശേരിക്കടുത്തും തിരുവിതാംകൂറിലുമുണ്ടു്.

ഇന്നലത്തെ മാച്ചു് ഓഫ് ദി നേഷനിൽ കാണുന്നു, 160 രാഷ്ട്രങ്ങളും 125 രാജ്യങ്ങളും ഇന്ത്യയിലുണ്ടെന്നു് ലോകത്തു് 15 ലക്ഷത്തിലധികം അനേകം ബെർലിനുകളുമുണ്ടു്. ഇവയിൽ അധികവും അമേരിക്കയിലാണു്. അമേരിക്കയിൽ "ഈസ്റ്റ് ബർലിൻ" എന്ന ഒരു സ്ഥലമുണ്ടു്. ഈസ്റ്റ് ബെർലിനിൽ അമേരിക്ക എന്ന ഒരു ഗ്രാമവുമുണ്ടു്.

.....

അദ്ധ്യാപകടെയിനിങ്ങ് തെരഞ്ഞെടുപ്പ്

നടപടിക്രമങ്ങളിൽ മാറ്റം വരുത്തിക്കൊണ്ടുത്തരവു്

(സ്വ. ലേ) തിരു. ഏപ്രിൽ 21

അദ്ധ്യാപക ടെയിനിംഗ് കോഴ്സിന്റെ തിരഞ്ഞെടുപ്പു നടത്തുന്നതിനുള്ള നടപടിക്രമത്തിൽ മാറ്റം വരുത്തിക്കൊണ്ടു് വിദ്യാഭ്യാസവകുപ്പു് ഉത്തരവു പുറപ്പെടുവിച്ചിരിക്കുന്നു. ടെയിനിംഗിനു് തെരഞ്ഞെടുക്കപ്പെടുന്നവർക്കു് ഉണ്ടായിരിക്കേണ്ട മിനിമം മാക്കിന്റെ കാര്യത്തിൽ മാറ്റമൊന്നും വരുത്തിയിട്ടില്ല. മാനേജ്മെൻറിനു് മൊത്തം സീറ്റിന്റെ 20 ശതമാനവുംനീക്കിവച്ചിട്ടുണ്ടു് ഇംഗ്ലീഷ്, മലയാളം, കന്നഡം എന്നീ വിഷയങ്ങളിൽ 42 ശതമാനവും മൊത്തം 40 ശതമാനം മാക്കു് ലഭിച്ചിട്ടുള്ളവരെ മാത്രമേ മാനേജരുടെ കോട്ടായിൽ തെരഞ്ഞെടുക്കാവു. എസ്. എസ്. എൽ. സി. പരീക്ഷ പാസ്സാകുന്നതിനു് മൂന്നു ചാൻസിൽ കൂടുതലെടുത്തിട്ടുള്ളവരെ തെരഞ്ഞെടുത്തുകൂടാ. പ്രീ യൂണിവേഴ്സിറ്റി പാസ്സായിട്ടുള്ളവർക്കു് മിനിമം മാക്കു് സംബന്ധിച്ച വ്യവസ്ഥ ബാധകമല്ല.

1964 സെപ്തംബർ 21-നു് അദ്ധ്യാപകരായി നിയമിക്കപ്പെട്ടിട്ടുള്ളവർക്കു് മിനിമം മാക്കു് സംബന്ധിച്ച വ്യവസ്ഥ ബാധകമല്ല. ഈ വ്യവസ്ഥ പുതിയതാണു്. അങ്ങിനെയുള്ളവരെ മാനേജരന്മാർ തെരഞ്ഞെടുക്കുകയാണെങ്കിൽ അങ്ങട സർവ്വീസ് സംബന്ധിച്ച രിക്കാർഡുകൾ മാനേജരന്മാരുടെ കൈവശം ഉണ്ടായിരിക്കണം. തെരഞ്ഞെടുക്കപ്പെട്ടവർ 16-നും 23 നും മദ്ധ്യേ പ്രായമുള്ളവരായിരിക്കണം. 1963 ഫെബ്രുവരി 11-ന മുമ്പു് നിയമിക്കപ്പെട്ട അദ്ധ്യാപകർക്കു് വയസ്സിളവു് വ്യവസ്ഥ ബാധകമായില്ല.

ടെയിനിംഗ് തെരഞ്ഞെടുപ്പിനു് ശങ്കർ മന്ത്രിസഭ സ്വീകരിച്ചിരുന്ന നടപടിക്രമത്തിൽ ഗവർണ്ണർ ഭരണം സാരമായ മാറ്റങ്ങളും വരുത്തിയിരിക്കുന്നു.

....

അമേരിക്കയിലെ ഈസ്റ്റ് ബർളിനും ഈസ്റ്റ് ബർളിനിലെ അമേരിക്കയും

കോഴിക്കോടു്, ഏ 21

പുതിയങ്ങാടി എന്ന പേരു് കേരളത്തിൽ എത്രയോ പ്രദേശങ്ങൾക്കുണ്ടു്. തിരൂർ പുതിയങ്ങാടി, വെസ്റ്റ് ഹിൽ പുതിയങ്ങാടി, മുട്ടം പുതിയങ്ങാടി മുതലായവ. കണ്ണൂരിനടുത്തും കൊടുങ്ങല്ലൂരിനടുത്തും അഴീക്കോടുകളുണ്ടു്. കൊല്ലം തെക്കും വടക്കുമുണ്ടെങ്കിൽ തെക്കൻ കൊല്ലത്തിനടുത്തുമുണ്ടൊരു കോഴിക്കോടു്. തിരൂർ തൃശ്ശൂരിനടുത്താണു്. താനൂരിനടുത്തു മറ്റൊരു തിരൂരുണ്ടല്ലോ. കോട്ടയം തലശ്ശേരിക്കടുത്തും തിരുവിതാംകൂറിലുമുണ്ടു്.

ഇന്നലത്തെ മാച്ചു് ഓഫ് ദി നേഷനിൽ കാണുന്നു, 160 രാഷ്ട്രങ്ങളും 125 രാജ്യങ്ങളും ഇന്ത്യയിലുണ്ടെന്നു് ലോകത്തു് 15 ലക്ഷത്തിലധികം അനേകം ബെർലിനുകളുമുണ്ടു്. ഇവയിൽ അധികവും അമേരിക്കയിലാണു്. അമേരിക്കയിൽ "ഈസ്റ്റ് ബർലിൻ" എന്ന ഒരു സ്ഥലമുണ്ടു്. ഈസ്റ്റ് ബെർലിനിൽ അമേരിക്ക എന്ന ഒരു ഗ്രാമവുമുണ്ടു്.

.....

മാർക്കറ്റ്

ഏപ്രിൽ 22

തൃശ്ശൂർ

വെളിച്ചെണ്ണ (കൊപ്രയിൽനിന്നു്)		402-88
കൊപ്ര പുകയാതെ	,,	240-50
പിണ്ണാക്കു്	,,	66-00
കശുവളക	,,	372-00
കശുവണ്ടി	,,	79-00
ചക്ക	,,	350-00
മഞ്ഞൾ	,,	125-00
വെള്ളാവി ചൂരു് (20 കിലോ)		115-40
കിളിചൂര	,,	140-50
അയലോൺ തെ. (50കിലോ)		380-50
,, എരുമൽ	,,	400-25
പൂൽതൈലം	,,	110-00
അണ്ടി കപ്പിൻറൽ		85-50

ആലപ്പുഴ

വെളിച്ചെണ്ണ കപ്പിൻറൽ		390-00
,, കന്നാംഅവുധി	,,	336-75
,, രണ്ടാംഅവുധി	,,	334-00
കൊപ്ര പുകയാതെ		260-00
,, രണ്ടാവു്	,,	265-00
പിണ്ണാക്കു്	,,	64-00
തേങ്ങാ (മടൽപ്പുറം)	,,	387-50
കശുമുതൽ		387-00
,, വരവു് മേനി	,,	384-00
,, തെക്കൻ	,,	412-00
ചക്ക		334-00
മഞ്ഞൾ		335-00
അടയ്ക്ക		140-00
വെള്ളാവിചൂര		350-00
കിളിചൂര		120-00
കയർ ആലങ്ങോടൻ		115-00
ആറാട്ടുപുഴ		110-00

കൊച്ചി

വെളിച്ചെണ്ണ (കപ്പിൻറലിനു്)		392-80
,, ഒന്നാം അവുധി		337-25
,, രണ്ടാം അവുധി		333-75
കൊപ്ര പുകയാശി		263-00
,, തെളിവു്		208-00
പിണ്ണാക്കു്		60-00
ഉരുളൻതേങ്ങ		365-00
തേങ്ങാ [മടൽപ്പുറം]		415-50
കശുമുതൽ		335-50
,, വരവു്മേനി		340-00
,, തെക്കൻ		110-00
കശുവണ്ടി		110-00
ചക്ക		600-00
മഞ്ഞൾ		340-00
അടയ്ക്ക		320-00
പൂൽതൈലം		600-00

.....

Printed and Published by Paul Vappila for the A. C. P. Institute at the Thozhilali Press Trichur

കാഞ്ചാർകോട്ടിൽ ആക്രമണം തുടരുന്നു

ചവാൻ രംഗം നിരീക്ഷിച്ചു

പി. ടി. ഐ. ന്യൂഡൽഹി, ഏ. 22

കച്ച അതിർത്തിയിൽ കാഞ്ചാർ കോട്ടിനു് കിഴക്കായുള്ള ഛദ്ദ്ബേറ്റിലെ ഇന്ത്യൻ പൊലീസ് സങ്കേതങ്ങളുടെ നേരെ രണ്ടാംദിവസമായ ഇന്നലേയും പാക് സേന തുടർച്ചയായി വെടിവെച്ചു് നടത്തി.

ഇന്ത്യൻ കാവൽപൊലീസ് തിരിച്ചു വെടിവെച്ചു. അതിൻറഫലമായിപാക് ഉപകരണങ്ങൾക്കു് കേടുപാടുകൾ പറ്റിയിട്ടുണ്ടു്. ഇന്ത്യൻ ഭാഗത്തു് അപായങ്ങളൊന്നുംപിണഞ്ഞിട്ടില്ലെന്നു് റിപ്പോർട്ടുകൾ പറയുന്നു.

ചവാൻ രംഗത്തു്

കച്ചു് അതിർത്തിപ്രദേശം പ്രതിരോധമന്ത്രി ചവാൻ ഇന്നലെ സന്ദർശിക്കുകയുണ്ടായി. അദ്ദേഹം അതിർത്തിപ്രതിരോധ ഏർപ്പാടുകൾ പരിശോധിക്കുകയും ജവാന്മാരുമായി സംസാരിക്കുകയുംചെയ്തു. കരസേനാ ഉപമേധാവി ജനറൽ മരമംഗലവും ചവാനെ അനുഗമിച്ചിരുന്നു.

തിരിച്ചടിക്കണമെന്നു് ഗ്രോറ

[പി. ടി. ഐ] അലഹബാദു്, ഏ. 22

ഒരു യുദ്ധമുണ്ടായാലും ശരി ഇന്ത്യ തിരിച്ചടിച്ചു കൊണ്ടു് കാഞ്ചാർകോട്ടു് ഭാഗം വീണ്ടെടുക്കണമെന്നു് പ്രജാസോഷ്യലിസ്റ്റു് പാർട്ടി പെയർമാൻ എൻ. ജി. ഗോറെ ഇവിടെ ഒരു പത്രസമ്മേളനത്തിൽ പ്രസ്താവിച്ചു. ഇന്ത്യാഗവണ്മെന്റിന്റെ ക്ഷമയുടെ അവധാനപരമായ നിലപാടിനെ പല മെമ്പർമാരും പരാമർശിച്ചു.

രാജ്യത്തിന്റെ താല്പര്യം സംരക്ഷിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും കൈക്കൊള്ളുന്നതാണെന്നു് ആഭ്യന്തരമന്ത്രി നന്ദ മെമ്പർമാക്കു് ഉറപ്പുനല്കിയിട്ടുണ്ടെന്നാണറിയുന്നതു്. ഇക്കാര്യംസംബന്ധിച്ചു് ആസ്സാം മന്ത്രിമാത്രമായി കേന്ദ്രം ബന്ധപ്പെടുത്തുന്നതായിരിക്കും.

....

മണിപ്പൂരിൽ ശത്രുനാഗന്മാരുടെ ശല്യം ആവശ്യമായ നടപടികളെടുക്കുമെന്നു് ശാസ്ത്രി

[പി ടി ഐ] ന്യൂഡൽഹി, ഏ 21

മണിപ്പൂരിൽ ശത്രുനാഗന്മാരുടെ പ്രവർത്തനംമൂലം വഷളായിവരുന്ന സ്ഥിതിവിശേഷം ഗവണ്മെന്റിന്റെ പരിഗണനയിലുണ്ടെന്നും അവയെ നേരിടുന്നതിനാവശ്യമായ നടപടികളും എടുക്കുമെന്നും പ്രധാനമന്ത്രി ശാസ്ത്രി കോൺഗ്രസ് പാർലമെൻററി പാർട്ടി എക്സിക്യൂട്ടീവു യോഗത്തിൽ പ്രസ്താവിച്ചതായി അറിയുന്നു.

നാഗന്മാർ നാഗാലാണ്ടിൽ പെരുമാറിയതുപോലെ മണിപ്പൂരിൽ പെരുമാറുവാൻ അവക്കു് കഴിയുകയില്ല. നമുക്കതു് പെരുക്കുവാൻ സാധ്യമല്ലെന്നും അദ്ദേഹം പറഞ്ഞു.

ആസ്സാമിലേക്കുള്ള പാകിസ്ഥാനി നുഴഞ്ഞുകയറ്റവും യോഗം ചർച്ച ചെയ്തു. ഇക്കാര്യം കൈകാര്യം ചെയ്യുന്നതുസംബന്ധിച്ച ആസ്സാം ഗവണ്മെന്റിന്റെ നയത്തെ പൊതുവെ വിമർശിക്കപ്പെട്ടുവത്രെ. സംസ്ഥാനഗവണ്മെന്റിനെ ബലഹീനവും വഴുവഴുപ്പനുമായ നിലപാടിനെ പല മെമ്പർമാരും പരാമർശിച്ചു.

രാജ്യത്തിന്റെ താല്പര്യം സംരക്ഷിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും കൈക്കൊള്ളുന്നതാണെന്നു് ആഭ്യന്തരമന്ത്രി നന്ദ മെമ്പർമാക്കു് ഉറപ്പുനല്കിയിട്ടുണ്ടെന്നാണറിയുന്നതു്. ഇക്കാര്യംസംബന്ധിച്ചു് ആസ്സാം മന്ത്രിമാത്രമായി കേന്ദ്രം ബന്ധപ്പെടുത്തുന്നതായിരിക്കും.

....

കോൺസ്റ്റബിൾമാരുടേയും ഡ്രൈവർമാരുടേയും ജോലിഭാര വ്യത്യാസം

[സ്വ ലേ] തൃശ്ശൂർ, ഏ 22

തൃശ്ശൂർ എം. എസ് പി. കമൻറിൻ കോൺസ്റ്റബിൾമാരുടേയും ഡ്രൈവർമാരുടേയും ജോലിഭാരവ്യത്യാസം ഒഴിവുകൂടാതെ ഉണ്ടെന്നും ഈ ഒഴിവുകളിലേക്കു് തിരഞ്ഞെടുക്കപ്പെടണമെന്നു് ആഗ്രഹിക്കുന്നവരും ആവശ്യമായ യോഗ്യതകളുള്ളവരുംആയ ആളുകൾ ഏപ്രിൽ 30-ാംതീയതിയോ അതിനുമുൻപൊ ജില്ലാഎംപ്ലോയ്മെൻറ് ആഫീസിൽ ഹാജരാകേണ്ടതാണെന്നു് തൃശ്ശൂർജില്ലാ എംപ്ലോയ്മെൻറ് ആഫീസറുടെ അറിയിപ്പിൽ പറയുന്നു. കോൺസ്റ്റബിളാകാൻ മാരായിരിക്കുന്നതിനു് 18-നും 25-നുമദ്ധ്യേപ്രായവും മലയാളത്തിൽ എഴുതാനും വായിക്കാനുമുള്ള പരിജ്ഞാനവും 5 അടി 6 ഇഞ്ചു് ഉയരവും 32-34 ഇഞ്ചു നെഞ്ചളവും ഡ്രൈവർമാരായി തിരഞ്ഞെടുക്കപ്പെടുന്നതിനു് ഇതേ പ്രായവും 7-ാം സ്റ്റാൻറേർഡ് വിദ്യാഭ്യാസവും ഹെവി ഡ്രൈവിങ്ങ് ലൈസൻസും 5 അടി 4 ഇഞ്ചു ഉയരവും 31-32 ആര ഇഞ്ചു നെഞ്ചളവുമാണു് യോഗ്യതകൾ. പ്രായം കിടങ്ങാപോലത്തിനു സമീപമെത്തിയപ്പോൾ ഒരു വള്ളത്തിൽ 3 പേർ തൻറെ വള്ളത്തിനരികിലൂടെ വരുന്നതു് കണ്ടുവെന്നും അശ്രദ്ധമായി പെട്ടെന്നുണ്ടായ തൻറെ തലയിൽ പൊടുന്നനവെ ഒരു പാക്കുവന്നു വീഴുകയും ഉടൻ വന്ന വള്ളത്തിൽനിന്നും രണ്ടു പേർ തൻറെ വള്ളത്തിൽ ചാടിക്കയറി തന്നെ ബന്ധിച്ചുശേഷം നെല്ലു മുഴുവനും അപഹരിച്ചുകൊണ്ടുപോകുകയും ചെയ്തു എന്നുമാണു് ജോസഫ് പറഞ്ഞതു്. ഉടൻ തന്നെ ഈ വിവരം പോലീസിൽ അറിയിച്ചുവെങ്കിലും അക്രമികളെ സംബന്ധിച്ചു് യാതൊരു വിവരവും ഇതുവരെയും ലഭിച്ചിട്ടില്ലെന്നറിയുന്നു. പോലീസ് 'മോപ്പിലെ' കേസ്സെടുക്കുകയും അന്വേഷണമാരംഭിക്കുകയും ചെയ്തിട്ടുണ്ടു്.

....

വള്ളമുന്നകാരനെ ചാക്കിലിട്ടുമൂടി 175 പറ നെല്ലു് അപഹരിച്ചു

വേളൂരിനടുത്തുനടന്ന പുതിയതരം മോഷണം

ആലപ്പുഴ, ഏ. 21

ചങ്ങനാശ്ശേരി-ആലപ്പുഴ റോഡിൽ കിടങ്ങറ പാലത്തിനു സമീപംവെച്ചു് 175 പറ നെല്ലു് ഒരു വള്ളത്തിൽ കയറി വന്ന ജോസഫ് എന്നൊരാളെ ചില അക്രമികൾ ചേർന്നു പുറകിൽനിന്നു തലയ്ക്കടിച്ചു വീഴ്ത്തിയശേഷം മുഴുവൻ നെല്ലു് അപഹരിച്ചു് കടന്നുകളഞ്ഞ ഒരു സംഭവമുണ്ടായതായറിയുന്നു.

കഴിഞ്ഞ ചൊവ്വാഴ്ച രാത്രി 12 മണിക്കാണു് സംഭവം നടന്നതു്. വേളൂർ എന്ന സ്ഥലത്തുനിന്നും ജോസഫ് ഒരു വള്ളത്തിൽ തൻറെ ജന്മിക്കുള്ള നെല്ലുമായി പോകുകയായിരുന്നു. വള്ളം കിടങ്ങാപ്പാലത്തിനു സമീപമെത്തിയപ്പോൾ ഒരു വള്ളത്തിൽ 3 പേർ തൻറെ വള്ളത്തിനരികിലൂടെ വരുന്നതു് കണ്ടുവെന്നും അശ്രദ്ധമായി പെട്ടെന്നുണ്ടായ തൻറെ തലയിൽ പൊടുന്നനവെ ഒരു പാക്കുവന്നു വീഴുകയും ഉടൻ വന്ന വള്ളത്തിൽനിന്നും രണ്ടു പേർ തൻറെ വള്ളത്തിൽ ചാടിക്കയറി തന്നെ ബന്ധിച്ചുശേഷം നെല്ലു മുഴുവനും അപഹരിച്ചുകൊണ്ടുപോകുകയും ചെയ്തു എന്നുമാണു് ജോസഫ് പറഞ്ഞതു്. ഉടൻ തന്